Vol. II.) September 1931. (No. 9.



സംഗതിവിവരങ്ങൾ

ക.	ആശീർവ്വാദലേഖനം	൨ ൫ ൬.
ഖ.	പരിഷ്കാരം	൨൫ വ.
ഗ.	ച. കന്യകയുടെ ജനനം	൨ ൫ ൯.
ഘ.	വി. അന്തോണിയുടെ സഹായം	൨൯൯.
ങ.	വിശ്വാസത്തിന്റെ മാനദണ്ഡം	൨൯൯.
ച.	ഒരു നേരായ നേരമ്പോക്ക്	൨ ൬ ൦.
ഛ.	ക്രിസ്തുരാജന്റെ യഥാർത്ഥസ്നേഹികൾ	൨ ൬ ൨.
ജ.	പാവനമറിയം	൨ ൬ വ.
ഝ.	പൊതുനിയോഗം	൨ വ ൦.
ഞ.	സന്നിപാതജ്വരം	൨ വ ക.
ട.	കൃഷി	൨ വ ർ.
ഠ.	ഉടക്കുസൂചിത്തുന്നൽ	൨ വ ൪.
ഡ.	കുറിപ്പുകൾ	൨ വ ൬
ഢ.	പരസ്യങ്ങൾ	
ണ.	പഞ്ചാംഗം	

ഉപകാരസ്മരണ

വി. കൊച്ചുത്രേസ്യായുടെ പ്രത്യേക സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണയായി ൫ ക. അയയ്ക്കുന്നു.

Miss P. J. R., Perumanoor.



ഞങ്ങളുടെ നന്മയ്ക്കായിട്ടു ഞങ്ങൾക്കുവേണ്ടി

അപേക്ഷിക്കേണമെ.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൫. } സെപ്റ്റമ്പർ ലക്കം. { ലക്കം ൯.

നി വ. ഭി. ശ്രീ ഡോക്ടർ ബൊനവഞ്ചുരാ അച്ചന തിരുമനസ്സിലെ

ആശീർവ്വാദലേഖനം.

Good Shepherd's,
Kottayam,
13th August '31.

Rev. and Dear Father,

I have received the Complimentary Copy of your very useful Magazine "The Kudumba Deepam" which it has been very kind of you to send me. I thank you sincerely for it.

When I say that by starting a "Happy Home Magazine" you seem to have realised the best way of serving the society and the country. I warmly recommend the Magazine to all the Catholics of Malabar and wish that it may find the ready wel-come it deserves in all Catholic homes.

I most heartily bless you, the Editor of the Magazine, its readers and all connected

with it.

I am,
Rev. and Dear Father,
Yours most Sincerely in Christ,
† Fr. Bonaventure Arana.
The Bishop of Vijayapuram.

പരിഷ്കാരം.

വി. പത്രോസ് അപ്പൊസ്തോലന്റെ കാലത്തു് ഇന്നത്തേപോലെതന്നെ പരിഷ്കാരം, പരിഷ്കാരം എന്ന മുറവിളിയെ എവിടെയും കേൾക്കാനുണ്ടായിരുന്നുള്ളൂ.

ഒരു ദിവസം ഒറോപ്പേസായിലെ ഇടപ്രഭു അക്കാലത്തിലെ അസ്സന്മാർഗ്ഗിക നടപടികളേപ്പറ്റി ഖേദിച്ചുകൊണ്ടു തല്ക്കാലം വരുത്തേണ്ട ചില പരിഷ്കാരങ്ങളേപ്പറ്റി പുണ്യവാനോടു പറഞ്ഞു. അതിനു വിശുദ്ധൻ "ലോകത്തെ പരിഷ്കരിക്കുന്നതിനു വളരെ എളുപ്പമായ ഒരു മാർഗ്ഗമുണ്ടു്" എന്നു പറഞ്ഞു. ഇടപ്രഭു അതു കേൾക്കുന്നതിനു അക്ഷമനായി കാണപ്പെട്ടു. "എന്താണു, ഞാനും നിങ്ങളും ആദ്യമായി നമ്മളേതന്നെ പരിഷ്കരിക്കണം. അതിൻശേഷം മറ്റുള്ളവരും നന്നായിക്കൊള്ളുമെന്നു നമുക്കു ആശിക്കാം" എന്നു പുണ്യവാൻ മറുപടിപറഞ്ഞു.

എല്ലാവരും പരിഷ്കാരത്തെക്കുറിച്ചു പ്രസംഗിക്കും. എന്നാൽ അതു മറ്റുള്ളവരെ പരിഷ്കരിക്കണമെന്നായിരിക്കും. ഇപ്രകാരം ഒരിടത്തും പരിഷ്കാരമുണ്ടാകയില്ല. ഇതാണ് ഇന്നത്തെ വലിയ ഉപദ്രവം. "പരിഷ്കാരം പോലുമിതു! ഭഗവനേ മുടിഞ്ഞോരീ-
പ്പരിഷ്കാരത്തിൻ തലയിലിടി വീഴണേ."
എന്ന കവി പാടീട്ടുള്ളതു ഓർമ്മയിൽ വരുന്നു.

ആ ഇടപ്രഭു, പുണ്യവാന്റെ ബുദ്ധിപൂർവ്വമായ ഉത്തരം കേട്ടു് സ്വയംപരിഷ്കാരത്തിനായി മുതിർന്നാൽ എന്നു പറഞ്ഞാൽ കഴിഞ്ഞതില്ലാ.

— ഫാദർ ബൊനാഡിക്ചർ ഒ. എഫ്. എം.

പ. കന്യകയുടെ ജനനം.

(തിരുനാൾ സെപ്റ്റംബർ 8-)

ലോകസൃഷ്ടി കഴിഞ്ഞു് അയ്യായിരം വത്സരങ്ങൾ ആയിരിക്കുന്നു. ദാനിയേൽ ദീവ്യദർശിയുടെ പ്രവചനാനന്തരമുള്ള വഷ്ടാങ്ങളുടെ ഇരുപത്തൊന്നാമത്തെ വാരത്തിലാണു് തങ്ങൾ ഒരു ജാതിയായിത്തീർന്നതെന്നു ഇസ്രായേൽക്കാർ പരിഗണിക്കുന്നു. ഈ സമയത്തു് യോയാക്കിം അന്നാ എന്നീ ദമ്പതികൾക്കു ദൈവനിശ്ചയത്താൽ അവരുടെ വാർദ്ധക്യദശയിൽ ചിരപ്രതീക്ഷിതനായ മിശിഹായുടെ അമ്മയാകുവാനിരുന്ന ഒരു ശിശു ജാതയായി.

പഴയനിയമത്തിൽ യോയാക്കിമും അന്നായും ഭക്തിയുടെയും പാരസ്പര്യത്തിന്റെ മാതൃകകളായി പരിലസിച്ചിരുന്നു. അവർ ധനവാന്മാരല്ലെങ്കിലും നിത്യവൃത്തിക്കു നിർവ്വാഹമുള്ളവരായിരുന്നു. വളരെക്കാലത്തേയ്ക്കു സന്താനലാഭമുണ്ടാകാതിരുന്നതു നിമിത്തം അവർ വലിയ ദുഃഖമനുഭവിച്ചു. ഈ പരിശുദ്ധ ദമ്പതിമാർക്ക് ഇതു ഒരു വലിയ അപഹാസഹേതുവായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ അവരുടെ ക്ഷമയുടെയും അനുസരണത്തിന്റെയും ദൈവം എത്ര ധാരാളമായി അവർക്കു പ്രതിഫലം നല്കിയെന്നു നോക്കുക! ഇന്നു നാം 'ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ' (*Causa nostra laetitiae*) എന്നു അഭിസംബോധനംചെയ്തു് ബഹുമാനിക്കുന്ന പരിശുദ്ധ കന്യകയുടെ മാതാപിതാക്കന്മാരായിത്തീരുന്നതിനു് ദൈവം അവർക്കു ഭാഗ്യം നല്കി.

"എല്ലാവരും വരുവിൻ, നിങ്ങൾ ആരായാലും എവിടെയായിരുന്നാലും എല്ലാവരും വരുവിൻ. പ. കന്യകയുടെയും സഹജാതയായ നമ്മുടെ രക്ഷണത്തിന്റെയും ജനനത്തിരുനാൾ ഘോഷിക്കുവാൻ വന്നുചേരുവിൻ." എന്നു വി. യോഹന്നാൻ ദ

മഷേൻ വിളിച്ചുപറയുന്നു. ഇന്നേദിവസം പാവപ്പെട്ട മനുഷ്യ പുത്രരായ നമുക്കു സന്തോഷത്തിനു അവകാശമുണ്ട്. എന്തുകൊണ്ടെന്നാൽ ഭാഗ്യവതിയായ കന്യകമറിയത്തിന്റെ പിറവിയോടുകൂടി നമ്മുടെ രക്ഷയും ആരംഭിച്ചു. നീതി സൂര്യന്റെ ഉദയകാലം അടുത്തിരിക്കുന്നു. ഇതുവരെ ക്രൂരിരുട്ട് ഭൂമുഖത്തെ മൂടിയിരുന്നു. പാപത്തിന്റെ അന്ധകാരവും മരണത്തിന്റെ നിഴലും മനുഷ്യജാതിയെ വലയം ചെയ്തിരുന്നു. പാപസംക്രമണമില്ലാത്തതോ നരകസപ്പ്ത്തിന്റെ അധികാരസീമയിൽ പെടാത്തതോ ആയ യാതൊന്നും ഭൂമുഖത്തു ദൈവം കണ്ടില്ല. അപ്പോഴാണ് അവിടുത്തെ ശക്തിയും നന്മയും, ഒരു പരിശുദ്ധയും കളങ്കരഹിതയും അമലോത്ഭവയുമായവളെ ഒരു മലിനബീജത്തിൽനിന്നും പുറപ്പെടുവിച്ചത്. രാത്രിയിലെ ക്രൂരിരുട്ടിനെ പ്രമാജ്ജനം ചെയ്യുന്ന ഉഷഃകാലനക്ഷത്രമായ മറിയം പാപമയമായ ഈ ലോകത്തിലെ കോളുകൊണ്ട കടലിനുമീതെ ഉദിച്ചുയർന്ന സമാഗതമായിരിക്കുന്ന രക്ഷണത്തെ പ്രഖ്യാപനം ചെയ്തു.

നിത്യപ്രകാശത്തിന്റെ മുന്നോടിയായ അരുണശോഭയാണ് പ. മറിയം. അന്ധകാരനിബിഡമായ ഭൂമിയിൽ പതിച്ച നീതിസൂര്യന്റെ ആദിമ രശ്മിയാണ് അവൾ. മറിയമെന്ന നാമത്തിനു യജമാനസ്ത്രീ, ശക്ത, സുന്ദരി, സുഗന്ധവാഹിയായ നറുമ്പശ എന്നൊക്കെ അർത്ഥമുണ്ട്. ഈ പേരുകൊണ്ടു ദൈവമാതാവിന്റെ മാഹാത്മ്യത്തെ പ്രത്യക്ഷപ്പെടുത്തുവാനാണു ദൈവം ആഗ്രഹിക്കുന്നതെന്നു തോന്നിപ്പോകുന്നു. അനന്തസ്നേഹവും വിനയവുമായ സർവ്വശക്തൻ തന്റെ അധിവാസസ്ഥാനമായി തെരിഞ്ഞെടുത്ത ആ ഭവനത്തിന്റെ മാഹാത്മ്യത്തെയോ രമണീയതയേയോ ഗ്രഹിക്കുന്നതിനു ആർക്കാണ് സാധിക്കുന്നതു്.

ചുറ്റുമുള്ള കുന്നുകളുടെമീതെ പൊങ്ങിനില്ക്കുന്ന ലെബനാൻ മലയെപ്പോലെ മറിയം ഈശ്വരസൃഷ്ടികളുടെ കൂട്ടത്തിൽ ഉയർന്നുനില്ക്കുന്നു. കൊടുമുടികളിൽവെച്ചു സെഹിയോൻ തെരിഞ്ഞെടുക്കപ്പെട്ടതുപോലെ മനുഷ്യഗണത്തിൽ മറിയം തെരി

ഞ്ഞെടുക്കപ്പെട്ടവളാകുന്നു. കന്യക മറിയത്തിന്റെ ഉദരമാകുന്ന ദേവാലയത്തിൽ ആരംഭിച്ച ബലി കാൽവരിയിൽ പരിപൂർത്തിയായി. അവളുടെ പരിശുദ്ധ വക്ഷസ്സ് വഴിയായി പിതാവിന്റെ നിത്യവചനം ഭൂതലത്തിൽ ഇറങ്ങിവരികയും ലോകമലയിൽവെച്ച സ്വർഗ്ഗമാർഗ്ഗത്തെ തെളിയിച്ചു പാപം, മരണം, നരകം ഇവകളിന്മേൽ വിജയം പ്രാപിക്കയുംചെയ്തു. സ്വർഗ്ഗസ്ഥനായ പിതാവ് പരിശുദ്ധാത്മാവു വഴിയായി ഭാഗ്യവതിയായ കന്യകയെ ഒരു പുതിയ പറുദീസായാക്കിത്തീർക്കുന്നു. ഈ ഫലപുഷ്ടിയുള്ള ഭൂമിയിൽ മുളച്ചുവരുന്ന സജീവവൃക്ഷത്തിന്റെ തടി, ജീവന്റെ ജലങ്ങളുടെ കൈപ്പിനെ മധുരമാക്കിത്തീർക്കുന്നതും, ഇല ശരീരത്തേയും ആത്മാവിനേയും സുഖപ്പെടുത്തുന്നതും, ഫലം നിത്യജീവനുമാകുന്നു.

മറിയം, നമ്മുടെ പാപങ്ങളുടെ പരിഹാരവും, നമ്മുടെ ആത്മാക്കളുടെ ഉദ്ധാരണവും, ദൈവവുമായിട്ടുള്ള നമ്മുടെ യോജിതയുടെ ഉടമ്പടിയും നിക്ഷിപ്തമായിരിക്കുന്ന വാഗ്ദാനത്തിന്റെ പെട്ടകമാകുന്നു. മറിയം, ദൈവത്തിന്റെ പ്രസാദവരത്തേയും മഹിമയേയും പ്രകാശിപ്പിക്കുന്ന ശ്ലോമോന്റെ ദേവാലയമാകുന്നു. മറിയം, ക്രോവേ മാലാഖാമാരുടെ മുകളിൽ മേഘങ്ങളിന്മേൽ ദൈവത്തിന്റെ സിംഹാസനമായിരിക്കുന്നതിനു വെച്ചിരിക്കുന്ന ദേവാലയത്തിലെ അതിപരിശുദ്ധമായ പാത്രമാകുന്നു. സ്വർഗ്ഗത്തിന്റെ ഉന്നതങ്ങളിൽനിന്നും ഇറങ്ങിവന്ന രാജാവിന്റെ താമസത്തിനുവേണ്ടി പവിത്രാത്മാവിനാൽ നിർമ്മിതമായ ഒരു ദേവാലയമായിട്ടും അവൾ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ഈ ദിവസം കത്തോലിക്ക തിരുസ്സഭ ഈ മാതാവിനെ ഇപ്രകാരമാണ് പാടി സ്തുതിക്കുന്നത്: "ഓ കന്യകയായ ദൈവമാതാവെ, അവിടുത്തെ ജനനം സമസ്ത ലോകത്തിലും സന്തോഷത്തെ ഉളവാക്കി." ഈ ദിവസം മനുഷ്യവർഗ്ഗം മുഴുവനും, സർവ്വോപരി "അനുഗ്രഹീത"യായ ഈ ശിശുവിനെ തന്റെ അമ്മയെന്നു വിളിക്കുന്ന മിശിഹായും സന്തോഷിക്കും. നമുക്കു ഇത്ര സൗന്ദര്യമുള്ള ഒരു അമ്മയെ - കരുണയും സ്നേഹവുമുള്ള ഒരു മദ്ധ്യ

സ്ഥയെ - തന്ന ദൈവത്തിനു ഉപകാരസ്മരണ ചെയ്യാം. ഇന്നു നമുക്കു സിയന്നായിലെ വി. കത്രീനായോടുകൂടെ ഇപ്രകാരം പ്രാർത്ഥിക്കാം:

"മറിയമേ, ത്രിത്വൈക സർവ്വേശ്വരന്റെ ആലയമേ, സ്വസ്തി! മറിയമേ, അനന്തകരുണയുടെ ആധാരമേ, സ്വസ്തി! മറിയമേ, സ്വർഗ്ഗീയ ഫലവൃക്ഷമേ സ്വസ്തി! മറിയമേ, മനുഷ്യഗണത്തിന്റെ രക്ഷകിയെ, സ്വസ്തി! എന്തുകൊണ്ടെന്നാൽ നിന്നിൽനിന്നും മാംസമെടുത്ത മിശിഹാ വഴിയായി നീ ലോകോദ്ധാരണം സാധിച്ചു. മറിയമേ, വരപ്രസാദത്തിന്റെ ശാന്തസമുദ്രമേ, സമാധാനദായനിയേ, ഫലപുഷ്ടിയുള്ള ഭൂമിയേ, മനോഹരമായ പുഷ്പത്തെ പുറപ്പെടുവിച്ച സ്വർഗ്ഗീയ പൂങ്കാവേ, സ്വസ്തി! നീ നിന്റെ സ്നേഹാഗ്നിയാലും അമലോത്ഭവ കന്യാതപത്തിന്റെ തൈലത്താലും മിശിഹായെ ഭൂമിയിലേയ്ക്കു ആകർഷിച്ചു. ഏറ്റവും എളിമയുള്ളവൻ നിന്റെ അടുക്കൽ വരുന്നതിനു നീ ഹേതുഭൂതയായി. ഞങ്ങളെ, ദൈവസ്നേഹത്തിലും നിന്നോടുള്ള പക്ഷത്തിലും സഹോദരസ്നേഹത്തിലും ഒരിക്കലും കെടാതെ ജ്വലിക്കുന്ന അഗ്നിയുള്ളവരാക്കിത്തീർക്കുന്നതിനു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഓ മറിയമേ, സമുദ്രതാരമേ! ഞങ്ങളുടെ യാനപാത്രത്തെ അപകടമെന്നിയെ തുറമുഖത്തിൽ എത്തിച്ചു ഞങ്ങളുടെ സ്വർഗ്ഗീയസ്വരാജ്യമായ ഭവനത്തിൽ സ്വീകരിച്ചുകൊള്ളണമേ!"

T. P.

നിങ്ങൾ ഒരു കാര്യം നിർവ്വഹിച്ചുകഴിയുമ്പോൾ അതു നിങ്ങളുടെ സാമർത്ഥ്യംകൊണ്ടാണു് സാധിച്ചതെന്നു വിചാരിച്ചുപോകരുതു്. നന്ദിപൂർവ്വം നിങ്ങൾ അതെല്ലാം ദൈവത്തിനാണു് സമർപ്പിക്കേണ്ടതു്.

— Ven. Paul Heath.

വി. അന്തോണിയുടെ സഹായം.



എഴുത്തുകൾ നഷ്ടപ്പെടാതിരിക്കുന്നതിനും മേൽവിലാസക്കാർക്ക് വേഗത്തിൽ കിട്ടുന്നതിനും വേണ്ടി അയയ്ക്കുന്നവർ അതിന്മേൽ "R. S. A." അഥവാ "S. A. G." എന്നീ അക്ഷരങ്ങൾ എഴുതിവരാറുണ്ട്. ഇതിൽ ആദ്യത്തെ ലിപികൾ "Reservet Sanctus Antonius" എന്ന ലത്തീൻ പദങ്ങളേയും പിന്നത്തെ അക്ഷരങ്ങൾ "Saint Anthony Guide" എന്ന ഇംഗ്ലീഷ് വാക്കുകളേയും കുറിക്കുന്നു. എന്നുവെച്ചാൽ "വി. അന്തോണിയുടെ സഹായം" എന്ന അർത്ഥമാണ്.

ഈ ഭക്തിപരമായ നടപ്പ് ഫ്രാൻസിൽ സംഭവിച്ച ഒരു അത്ഭുതത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. സ്പെയിനിൽ ഒറ്റിയെടോ എന്ന സ്ഥലത്തു ഫ്രാൻസെസ്സ് എന്നൊരു സ്ത്രീ വലിയ ആവശ്യത്തിലും അസ്സമാധാനത്തിലും ജീവിച്ചിരുന്നു. അവളുടെ ഭർത്താവു വളരെക്കാലം മുമ്പിനു അമ്മേരിക്കയിൽ പോയി താമസിക്കുകനിമിത്തം അവർക്കു പണത്തിനു വളരെ ഞെരുക്കമുണ്ടായിരുന്നു. അവർ പല എഴുത്തുകൾ ഭർത്താവിനു അയയ്ക്കുണ്ടായെങ്കിലും അവയിൽ ഒന്നിനും അവർക്കു മറുപടി കിട്ടിയിരുന്നില്ല. ഒരു ദിവസം അവർ ഫ്രാൻസിസ്കൻ ദേവാലയത്തിൽപോയി വളരെ നേരം ഭക്തിപൂർവ്വം പ്രാർത്ഥിച്ചശേഷം വേറൊരു എഴുത്തു വിശുദ്ധന്റെ കൊച്ചുരൂപത്തിന്റെ കൈയുടെ ഉടുപ്പിനുള്ളിൽ വെച്ചിട്ട് അതു ഭർത്താവിനെ ഏല്പിച്ചു ഒരു മറുപടി വാങ്ങിത്തരണമെന്നു അപേക്ഷിച്ചു.

പിറ്റെന്നാൾ അതിരാവിലെ കപ്യാർ രൂപത്തിന്റെ കയ്യിൽ ഒരു എഴുത്തുകൂട്ടു കാണുകയും അതിനെ എടുത്തു മാറുവാൻ ശ്രമിക്കയുംചെയ്തു. എന്നാൽ അതു മുറുകെ പിടിച്ചിരുന്നതുനിമി

ത്തം അയാളുടെ അദ്ധ്വാനം വിഫലമായതേയുള്ളൂ. തന്റെ അ പേക്ഷയെ വീണ്ടും ഉണർത്തിക്കുന്നതിനായിട്ട്, ഫ്രാൻസെസ്സ് ത ന്നെയാണ് അന്നും ആദ്യം പള്ളിയിൽ പ്രവേശിച്ചത്. ക്രൂപ ത്തിന്റെ കയ്യിൽ എഴുത്തു ഇരിക്കുന്നതുകണ്ടു അതു അവൾ ത ലേദിവസം കൂപ്പായകയ്യിക്കുള്ളിൽ വെച്ചതായിരിക്കുമെന്നു വിചാ രിച്ചു. സാധാരണ സംഭവിക്കാറുള്ളതുപോലെ അവൾ അല്പം അ തുപ്തിയോടെ ആകാംക്ഷാകേന്ദ്രമായ സ്ഥലത്തിൽ അന്തോനീസ് പുണ്യവാനോടു അപേക്ഷിച്ചു. കവ്വാർ അവളുടെ ആവലാധി കേട്ടു അതിന്റെ കാരണമെന്താണെന്നു ചോദിച്ചറിഞ്ഞതിന്റെ ശേഷം ഇപ്രകാരം പറഞ്ഞു: "പക്ഷേ നിങ്ങൾക്കു ആ ക്രൂപ ത്തിന്റെ കയ്യിൽനിന്നും ആ എഴുത്തു എടുക്കാൻ കഴിയുമായിരു ക്കും. ഞാൻ ശ്രമിച്ചിട്ടു സാധിച്ചില്ല."

ആ എഴുത്തു യാതൊരു പ്രയാസവും കൂടാതെ അവൾ ഉട ൻതന്നെ എടുത്തു. അതേസമയത്തുതന്നെ നൂറു പെസോസ (Pesos) അടങ്ങിയ ഒരു മടിശ്ശീല കൂപ്പായകയ്യിക്കുള്ളിൽനിന്നും താഴെ വീണു. ആ എഴുത്തു തലേദിവസം വെച്ചതല്ലെന്നു ക ണ്ടു അവൾ അത്ഭുതപരതന്ത്രയായിത്തീർന്നു. അതിനുമേൽ അ വളുടെ മേൽവിലാസവും എഴുതീട്ടുണ്ടായിരുന്നു. അന്തോനീസു പുണ്യവാൻ ആ എഴുത്തു അന്നുതന്നെ അവളുടെ ഭർത്താവിനു കൊടുത്തു് അതിന്റെ മറുപടികൊണ്ടുവന്ന മറാരുടെയും കയ്യിൽ കൊടുക്കാതെ അവളെതന്നെ ഏല്പിച്ചു.

മറുപടിയുടെ തർജ്ജിമ താഴെ ചേർക്കുന്നു:-

"ലീമാ, ഫ്രൈൻ ജൂലൈ മാസം.

എന്റെ പ്രിയതമേ,

ഞാൻ ഇവിടെ ലീമായിൽ താമസമാക്കിയിട്ടു ഇപ്പോൾ വ ളരെ നാളായിരിക്കുന്നു. നിന്റെ സുഖവർത്തമാനങ്ങളേപ്പറ്റി ഇതേവരെ യാതൊന്നും അറിയാഞ്ഞതുനിമിത്തം ഞാൻ ഭയ ത്തിനും പ്രത്യാശയ്ക്കുംമദ്ധ്യേ കിടന്നു കഴങ്ങുകയായിരുന്നു. വി. ഫ്രാൻസിസ്കോസ് പുണ്യവാന്റെ ഒരു സഭാംഗം നിന്റെ എ ഴുത്തു ഇപ്പോൾ എന്നെ ഏല്പിച്ചു. നിന്നേക്കുറിച്ചുള്ള എന്റെ

ആധിയെല്ലാം നീങ്ങിയിരിക്കുന്നു. നിന്റെ എഴുത്തിൽ നീ എനിക്കയച്ച എഴുത്തുകൾക്കു ഞാൻ മറുപടി അയച്ചില്ലെന്നു ആവലാധിപ്പെട്ടിരിക്കുന്നു. എന്നാൽ അവയിൽ ഒന്നുംതന്നെ എനിക്കു ലഭിച്ചില്ലെന്നു ഞാൻ ഉറപ്പു പറയുന്നു. തന്നിമിത്തം നീ മരിച്ചുപോയിരിക്കുമെന്നു വിചാരിച്ചു ഞാൻ വളരെ വ്യസനിച്ചു. എന്നാൽ ഇപ്പോൾ എന്റെ സന്തോഷം പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. എഴുത്തുകൊണ്ടുവന്നതന്നു ഈ ദയയുള്ള സന്ന്യാസിവര്യനു മറുപടിയും, ഞാൻ വരുന്നതുവരെ നിന്റെ ചെലവിലേയ്ക്കായി നൂറു പെസോസ്സും കൊടുത്തയയ്ക്കുന്നു. നിന്നെയും എന്നെയും സംരക്ഷിക്കുന്നതിനായും ഏറെ താമസിയാതെ തമ്മിൽ കാണുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുന്നതിനുവേണ്ടിയും ഞാൻ അന്തോനീസ് പുണ്യവാനോടു പ്രാർത്ഥിക്കുന്നുണ്ടു്. ഈ പ്രത്യാശയോടുകൂടെ അവസാനിപ്പിച്ചുകൊള്ളട്ടെ.

എന്നു നിന്റെ പ്രിയതമൻ,

ഡോൺ അന്തോനിയോ ഭന്നാ."

സ്പാനിഷ് ഭാഷയിൽ എഴുതിയിരുന്ന ഈ എഴുത്തിന്റെ മൂലപ്രതി ഇപ്പോഴും ആ അത്ഭുതത്തിന്റെ സ്മാരകമായി ഒവ്വിയെടൊ (Orviedo) എന്ന സ്ഥലത്തു് സൂക്ഷിച്ചുവരുന്നു. ഇതുപോലെ വി. അന്തോനീസ് എഴുത്തു് എത്തിച്ചു കൊടുത്തതായി വേറെയും പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്.

കത്തുകൾ എത്തിച്ചുകൊടുക്കുന്നതിൽ വി. അന്തോനീസു് ഇന്നത്തെ വിമാനമെയിലിനേപ്പോലും അതിശയിച്ചിരിക്കുന്നതായിക്കാണാം. തന്നിമിത്തം ആ വിശുദ്ധനെ വിമാനയാത്രക്കാരുടെ മദ്ധ്യസ്ഥനായി തെരിഞ്ഞെടുക്കുവാൻ ചിലർ താല്പര്യം കാണിച്ചുവരുന്നുണ്ടു്. മോട്ടോർ യാത്രക്കാരുടെ മദ്ധ്യസ്ഥനായി പെച്ചിരിക്കുന്ന വി. ക്രിസ്റ്റോഫ്റിനെപ്പോലെതന്നെ അന്തോനീസു് പുണ്യവാനും വിമാനയാത്രക്കാരുടെ പരിരക്ഷകനായിരിക്കാൻ സർവ്വഥാ യോഗ്യനാണു്. ഇതിനു് അദ്ദേഹം അർഹനാണെന്നു് കാണിക്കാൻ പല സംഭവങ്ങളുമുണ്ടെങ്കിലും അവയിൽ ഒന്നുമാത്രമേ ഇപ്പോൾ വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു

ള്ള- ഒരിക്കൽ വി. അന്തോണി മാലാഖാമാരുടെ ചിറകുകളാൽ വഹിക്കപ്പെട്ടവനായി ആകാശമണ്ഡലത്തിൽക്കൂടി യാത്രചെയ്തിട്ടുണ്ട്. അദ്ദേഹം പാദുവായിലായിരിക്കുമ്പോൾ ലിസ്ബനിൽ തന്റെ പിതാവു അന്തരിയായി കൊലക്കുറ്റം ചുമത്തപ്പെട്ട. ഉടനെതന്നെ പ്രിയ പിതാവിനെ അതിൽനിന്നും രക്ഷിക്കണമെന്നു അദ്ദേഹം തീർച്ചയാക്കി. ആ രാത്രിയിൽ മാലാഖാമാർ അദ്ദേഹത്തെ നാലായിരം കാതം അകലേയുള്ള അദ്ദേഹത്തിന്റെ സ്വദേശത്തിൽ കൊണ്ടുചെന്നാക്കുകയും അവിടെ അദ്ദേഹം കൊല്ലപ്പെട്ട മനുഷ്യനെ ജീവിപ്പിക്കയും അദ്ദേഹത്തിന്റെ അപ്പൻ നിർദ്ദോഷിയാണെന്നു തെളിയിക്കുകയുംചെയ്തു. അടുത്ത രാത്രിയിൽ പുണ്യവാൻ ലിസ്ബനിൽനിന്നും പാദുവായിലേക്കു വന്നപോലെതന്നെ മടങ്ങിപ്പോകയുംചെയ്തു. F. H.

വിശ്വാസത്തിന്റെ മാനദണ്ഡം.

(ആന്റണി തൊകലത്തു്.)

വിശ്വാസം അഭ്യാസബലത്തിന്റെ ഫലമല്ല. നമ്മുടെ ദിവ്യരക്ഷകൻ ഇക്കാര്യത്തിൽ നിത്യപിതാവിനെ അവർണ്ണനീയമായി സ്തുതിച്ചിട്ടുണ്ടു്. കാരണം ജ്ഞാനികൾക്കൊ ശക്തന്മാക്കൊ അല്ല വിശ്വാസമെന്ന ദിവ്യദാനം നല്കപ്പെട്ടിരിക്കുന്നതു്. അതു വിനീതന്മാക്കുമാത്രമാണു്. അഗാധമായ വിജ്ഞാനസാഗരത്തിൽ നിന്നും പരിശ്രമംമൂലം സിദ്ധിയ്ക്കാവുന്ന ഒരു ഭാഗമല്ല വിശ്വാസം. പഠിപ്പുകൊണ്ടു കൈവരുത്തത്തക്കതുമല്ലതു്.

സത്യം തെളിയിപ്പാനായി ഒരു തത്വജ്ഞാനി ബുദ്ധിമുട്ടുകയാണെങ്കിൽ അവന്റെ പരിശ്രമം വിജയീഭവിക്കാം. എന്നാൽ വിശ്വാസത്തിന്റെ ഒരു കണികപോലും ഉല്പാദിപ്പിക്കുന്നതിനു് താത്വികനു് സാധ്യമല്ല. അസാമാന്യചിന്താസരണിയിൽക്കൂടി പ്രയാണം ചെയ്യുന്ന അഹങ്കാരിയായ ഒരു നിരീക്ഷണപടുവിനെക്കാൾ പാവപ്പെട്ട ഒരു കർഷകൻ വിശ്വാസത്തെ

ത്താൽ അനുഗ്രഹീതനായിക്കാണപ്പെട്ടുന്നുണ്ട്.

നിയമസംഹിതകളാകമാനം പഠിച്ചറിഞ്ഞു, സൂക്ഷ്മങ്ങളായ തെളിവുകൾ സശ്രദ്ധം കണ്ടുപിടിച്ചു, ഒരു വിധിന്യായം തയ്യാറാക്കുന്നതിന് നിയമപണ്ഡിതനായ ഒരു വിധികർത്താവിന് സാധിക്കും. എന്നാൽ ദൈവനിയമത്തിന്റെ — ദൈവികനിയമത്തിന്റെ (Divine Law) സൗമസുന്ദരമായ പ്രകൃതി കണ്ടുപിടിപ്പാൻ അയാൾക്കു സാധിക്കയില്ല. നേരേമറിച്ചു ഒരു വിനീതനായ ചിത്രകാരനെ നമുക്കു നോക്കാം. ജൂഡീഷ്യൽ (Judicial) നിയമങ്ങളോ തീർപ്പുകളോ അയാൾക്കു അജ്ഞാതങ്ങളാണെന്നു തന്നെ വിചാരിക്കുക. എന്നിരുന്നാലും ദൈവികനിയമത്തിന്റെ മാറ്റുരച്ചു കാട്ടുന്ന പ്രകൃതിയുടെ വിലാസങ്ങളേയും സവ്വവല്ലഭന്റെ മാഹാത്മ്യത്തേയും ഒരു ജഡ്ജിയെക്കാളധികം ആനന്ദിച്ചാനന്ദിപ്പാൻ പ്രായാധിക്യം പ്രാപ്തനായിരിക്കും.

വിശുദ്ധ ലിഖിതങ്ങൾ മുഴുവനും പരിശോധിച്ചറിഞ്ഞു, കഴിഞ്ഞുപോയ സകല പ്രധാനസംഭവങ്ങളേയും കുറിച്ചു മനസ്സിലാക്കി ചൈതിക വൃത്തിയുടേയും മറ്റും അഗ്രിമസ്ഥാനങ്ങളേയും മമ്മദിത്തികളേയും കണ്ടുപിടിച്ചിട്ടുള്ള ദൃഢവ്യുല്പന്നനായ ഒരു ദൈവശാസ്ത്രപണ്ഡിതന് വിശ്വാസസത്യങ്ങളെ ധാരാളമായിട്ടു പ്രത്യുപന്നം ചെയ്യാൻ സാധിക്കും. എന്നാൽ ദൈവവിശ്വാസമെന്ന ദാനത്തിന്റെ ഒരു നിഴലുപോലും സൃഷ്ടിയ്ക്കുന്നതിന് — അല്ല, അവനിൽ ഉല്പന്നമാക്കുന്നതിന്; അദ്ദേഹം പ്രാപ്തനാവുകയില്ല.

ഒരു ചെറുശിശുവിനാൽപോലും അദ്ദേഹം തോല്പിക്കപ്പെടാവുന്നതാണ്. കാരണം വിശ്വാസദാനം വിജ്ഞാനികൾക്കല്ല നൽകപ്പെട്ടിരിക്കുന്നതു. അതു പഠിപ്പില്ലാത്തവക്കു അഥവാ, ചെറിയവക്കാണ് കിട്ടിയിരിക്കുന്നതു്. അതേ, കിട്ടുന്നതും.

താത്വികൻ, നിയമജ്ഞൻ, ദൈവശാസ്ത്രപാരംഗതൻ ഇങ്ങനെ ഓരോ അവസ്ഥയിലാണ് വൈഷമ്യമുള്ളതു്. വിശ്വാസം ശിശുപ്രായന്മാരിൽ ആണല്ലൊ സ്ഥിതിചെയ്യുന്നതു്. അവക്കാണല്ലൊ നൽകപ്പെട്ടുന്നതും. അപ്പോൾ വിശ്വാസം സു

ഖണ്ഡമാകണമെങ്കിൽ അവരും ശിശുക്കളായി രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. ശരി, വാസ്തവമായും അവർ ക്രിസ്തുവിനാവേണ്ടി ശിശുക്കളാവുക തന്നെവേണം.

അദ്വൈതബോധത്തിന്റെ പ്രാബല്യമെവിടെ? മനുഷ്യന്റെ വിജ്ഞാനഭണ്ഡാഗാരവിസ്തൃതിയുടെ മാഹാത്മ്യം എവിടെ?

ആകപ്പാടെ നോക്കുന്നതായാൽ കാരാഗൃഹവാസം അനുഭവിക്കുന്ന ഒരു തടവുകാരന്റെ അന്വേഷണബുദ്ധി മാത്രമാണ് മനുഷ്യനുള്ളതു്.

കാരാഗൃഹത്തിനുള്ളിലുള്ളത് അതിന്റെ നിലവും വീതിയും ചുവരിന്റെ ഉറപ്പും രാപ്പകലുകളുടെ മണിക്കൂറുകളും തിട്ടപ്പെടുത്തുകയാണ് ജയിൽപുള്ളിയുടെ തൊഴിൽ.

അവന്റെ കൂട്ടുകാരുടെ സ്ഥിതിവ്യത്യാസങ്ങളെപ്പറ്റിയും അവൻ ചിന്തിക്കുന്നുണ്ടാവാം. കൂട്ടുകാരൻ ബന്ധിക്കപ്പെട്ടിരിക്കുന്ന ചങ്ങലയുടെ കിലുക്കം ചിലപ്പോൾ മണിനാദംപോലെ അവന്റെ കർണ്ണരന്ധ്രങ്ങളിൽ വല്ല ആനന്ദബാഷ്പത്തിന്റെ ബിന്ദുവും ഇറ്റുവീഴുന്നുമുണ്ടാവാം!

അവന്റെ മുൻഗാമികളും വല്ലവരും അവരുടെ ഓമ്മയ്ക്കോ അന്യരുടെ അറിവിനോ ആയി ഏതെങ്കിലും രേഖകളോ ആടയാളങ്ങളോ അവിടെ ഉണ്ടാക്കിവെച്ചുപോയിട്ടുണ്ടെങ്കിൽ അവയെപ്പറ്റിയും അവൻ വിചാരിക്കുന്നുണ്ടാവാം.

മാനുഷികബോധത്തിന്റെ രൂപവും ഇതുപോലെയാണ്.

ഹൃദയാവജ്ജകവും നിത്യജീവനെ ഉല്പാദിപ്പിക്കുവാൻ പ്രാപ്തവും ആശ്വാസദായകവും ആയ നിത്യസത്യപ്രഭാപ്രാഭവത്തിൽ മാനുഷകീടത്തിന്റെ മാനുഷികമായ വിജ്ഞാനദൃഷ്ടി ഒരിക്കലും തുറക്കുവാൻ സൂശക്തമായതല്ല.

ഭ്രൂഖത്തെ അഹന്തകാരണങ്ങളാൽ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതുപോലും വിശ്വാസൈകനേത്രത്തിന്റെ പരിധിയിൽ പെടാത്ത രഹസ്യമല്ല.

സൂര്യന്റെ രശ്മി ധരാതലത്തെ പ്രാപിക്കുവാനുള്ള യാതൊരു വിദ്യയും മനുഷ്യബോധത്താൽ കണ്ടുപിടിക്കപ്പെട്ടതല്ല.

കാരാഗൃഹത്തിൽ ഇരുന്നു രാപ്പകലുകളെ അളക്കുവാൻ ശ്രമിക്കുന്നവൻ അവൻ അറിയാതെയും അവന്റെ ജ്ഞാനത്താൽ സുസാധ്യമല്ലാതെയും ഇരിക്കുന്ന വിധമാണ് രാവും പകലും സംഭവിക്കുന്നതെന്നു ഓർക്കുന്നുണ്ടോ ?

ജ്ഞാനം മനുഷ്യനാൽ സമ്പാദിക്കപ്പെടുന്നതുപോലെങ്കിൽ വിശ്വാസം സ്വർഗ്ഗത്തിൽനിന്നുള്ള മന്നയാണെന്നുള്ള മഹദ്വചനം എത്ര അർത്ഥവത്താണെന്നു നോക്കുക. ജ്ഞാനം കഷ്ടപ്പാടുകളുടേയും ബുദ്ധിമുട്ടുകളുടേയും ഫലമായി സമ്പാദിക്കപ്പെടുന്നതാണ്. പരിശുദ്ധാത്മാ സംഗ്രഹിക്കപ്പെടാവുന്ന ഒന്നുമാണ്.

എന്നാൽ വിശ്വാസം അങ്ങനെയുള്ള ഒന്നല്ല; രണ്ടുമല്ല. ദൈവികജ്ഞാനത്തിന്റെ അത്യഗാധത്തിൽ ആണ് അതിന്റെ ഇരിപ്പിടമെന്നും തുടച്ചയായി ശ്വാസനേന്ദ്രിയത്തിന്റെ പ്രവൃത്തികളേക്കാൾ നിഗ്രഹമായ തരത്തിൽ, തിരഞ്ഞെടുക്കപ്പെട്ട വിശ്വസ്ഥഹൃത്തടങ്ങളിലേക്കു ദൈവനീതിയാകുന്ന സ്രവണയന്ത്രത്താൽ വഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദിവ്യദാനമാണെന്നും ആണ് മനസ്സിലാക്കുവാനുള്ളത്.

ജ്ഞാനി എന്ന ഭാവത്തെ വലിച്ചെറിവാൻ ധൈര്യപ്പെടുന്നവൻ ആരോ അവനു് അവന്റെ ശീർഷത്തിൽ ദൈവവിശ്വാസമെന്ന കിരീടം ശ്ലാഘനീയമായവിധം അലങ്കാരഭൂഷണമാക്കാവുന്നതാണ്.

എളിമയുടെ വിളഭൂമിയിൽ മാത്രമേ വിശ്വാസബീജം വളരുകയുള്ളു എന്നു ചുരുക്കം.

ഒരു "ഇതിരിക്കട്ടേ" ഒരായിരം "ഞാൻ നിങ്ങൾക്കു് തരാം" എന്നതിനേക്കാൾ നല്ലതാകുന്നു. — സ്പാനിഷ് പഴഞ്ചൊല്ല്

* * * * *

മതം ക്രൂരതയുള്ള വിദ്യാഭ്യാസം നമ്മുടെ ചുറ്റിലും സമർത്ഥന്മാരായ പിശാചുക്കളെ സൃഷ്ടിക്കുന്നു. — വെല്ലിംഗ്ടൺ പ്രഭു

ഒരു നേരായ നേരമ്പോക്ക്.

സമ്പന്നനായ ഒരു കിഴക്കൻ കച്ചവടക്കാരന് ഗ്രാമത്തിൽ ഒരു വിശേഷമായ ഭവനമുണ്ടായിരുന്നു. വ്യാപാരസംബന്ധമായ ചില സംഗതികൾക്കായി പടിഞ്ഞാറൻ ദിക്കിൽ ഏകദേശം ഒരു കൊല്ലം താമസിക്കേണ്ട ആവശ്യം അയാൾക്കു നേരിട്ടു. തന്നിമിത്തം അയാളുടെ അനാഥനായ പതിനഞ്ചു വയസ്സുള്ള മകനെ, ക്രൂടെക്കൊണ്ടുപോകുന്നതിനു അസാധ്യമായിരുന്നതുകൊണ്ടു പഠിപ്പിക്കുന്നതിനായി ഒരു അധ്യാപകനെ നിയമിച്ചു.

അപ്പൻ കുട്ടിയെ പഠിപ്പിക്കുന്നതിനായി തെരിഞ്ഞെടുത്തതു് സദാചാരനിഷ്ഠയുള്ളവനും സുതീക്ഷ്ണമായ ഒരു യുവാവിനെയായിരുന്നു. ചില പാഠങ്ങളെല്ലാം കുട്ടിയെ പഠിപ്പിച്ചതിന്റെ ശേഷം തോന്ന്യാസമായി നടക്കുന്നതിനു അവനെ അനുവദിക്കുന്നതു് വിദ്യാഭ്യാസമായി അയാൾ കരുതിയിരുന്നില്ല.

തന്നെ ഏല്പിച്ചിരിക്കുന്ന ശിഷ്യൻ അടുത്തുള്ള പട്ടണത്തിൽ പോകുമ്പോൾ ഉപാദ്ധ്യായനും അവന്റെകൂടെ പോകുക പതിവായിത്തീർന്നു. ഇങ്ങിനെയുള്ള ഒരു യാത്രയിൽ ഒരിടത്തു പഴക്കത്താൽ ജീർണ്ണിച്ചു തുടങ്ങിയ ഒരു കാർ കിടക്കുന്നതുകണ്ടു് ശിഷ്യൻ ഇപ്രകാരം പറഞ്ഞു: "ഞാൻ ഒരു നേരമ്പോക്കുണ്ടാക്കാൻ പോകുന്നു. ആ വണ്ടിയുടെ ചക്രത്തിന്റെ പട്ടക്കകത്തുള്ള വായു പുറത്തു് കളഞ്ഞു് 'കാർ' ഉടമസ്ഥൻ വരുമ്പോൾ അവന്റെ മുഖഭാവമെന്തായിരിക്കുമെന്നു ഞാൻ സൂക്ഷിച്ചുകൊണ്ടിരിക്കും."

"ഹ! ഇതിൽനിന്നും നിനക്കു വല്ല നേരമ്പോക്കും കിട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. അയാൾ ഒരു പാവപ്പെട്ടവനായിരിക്കണം. കാറിന്റെ പട്ട നിരുപയോഗമാക്കിതീർത്താൽ അയാളുടെ കായ്ക്കും വളരെ പരുങ്ങലിലാവും. അതുണ്ടെങ്കിൽതന്നെയും അയാളുടെ സ്ഥിതി വളരെ മോശമാണു്. അതുകൊണ്ടു അങ്ങി

നെ ചെയ്യുന്നതിനുപകരം – നിനക്കു പണം ധാരാളമുണ്ടല്ലൊ – അതിൽനിന്നും കുറെ ആ വണ്ടിയിൽ ഇട്ടിരുന്നാൽ ആ വണ്ടിക്കാരൻ അതുകണ്ടു വിസ്മയഭരിതനായിത്തീരും. അതു ഒരു നല്ല നേരമ്പോക്കായിരിക്കയുംചെയ്യും" എന്നു കുട്ടുകാരൻ പറഞ്ഞു.

പ്രകൃതിയാൽത്തന്നെ വളരെ ധാരാളിയായിരുന്ന ആ ശിഷ്യൻ അതു നല്ലതുതന്നെ എന്നു സമ്മതിച്ചു. അയാൾ ഒരു രൂപായുടെ അഞ്ചു നോട്ടുകൾ എടുത്തു തെരുത്തു ഒരു ചരടുകൊണ്ടു കെട്ടി കാറിന്റെ തിരിക്കുന്ന ചക്രത്തിന്മേൽ ബന്ധിച്ചു. അതിന്റെശേഷം അവർ രണ്ടുപേരും ഒരു ഭിത്തിയുടെ മറവിൽ ഒളിച്ചിരുന്നു.

അല്പം കഴിഞ്ഞപ്പോൾ ഒരു വൃദ്ധൻ വന്നു ആ പഴയ കാറിൽ കയറി. അയാൾ നോട്ടു അഴിച്ചുനോക്കി. അയാളുടെ ക്ഷീണിച്ച മുഖം സന്തോഷാതിരേകത്താൽ വികസിച്ചു. ഭിത്തിക്കു പുറകിലിരുന്ന ചെങ്ങാതിമാർ പുഞ്ചിരിതൂകി. അയാൾ അളവില്ലാത്ത സന്തോഷത്തോടെ ഇപ്രകാരം ഉറക്കെ പറഞ്ഞു: "ഓ, എന്റെ ദൈവമേ, നീ എന്റെ പ്രാർത്ഥനയെ കേട്ടു. നിനക്കല്ലാതെ മറ്റാർക്കും ഞങ്ങളുടെ അത്യാവശ്യം അറിഞ്ഞുകൂടാ. എന്റെ ഭാര്യയും മകനും ദിനമായി കിടക്കുന്നു. എന്റെ സമ്പാദ്യം വളരെ തുച്ഛം. പ്രിയ കർത്താവേ, നീ ആരെയെങ്കിലും ഒരു നല്ല ആളെക്കൊണ്ടു ഈ പാവപ്പെട്ട വൃദ്ധനെ ആശ്വസിപ്പിക്കാൻ അനുഗ്രഹംചെയ്യു. പ്രിയ കർത്താവേ, അവരെ, ഈ ഉപകാരം ചെയ്യുന്നതിനു നീ അനുഗ്രഹിക്കണമേ."

അയാൾ ആ പഴയ കാറുകൊണ്ടു പുറപ്പെട്ടപ്പോൾ ആ കുട്ടി "വരുക" എന്നു പറഞ്ഞു.

അദ്ധ്യാപകൻ: "ഇനി എങ്ങട്ടാ" എന്നു ചോദിച്ചു.

"നമുക്കു അയാളുടെ പുറകെ പോകണം. അയാൾ താമസിക്കുന്നതു എവിടെയാണെന്നു എനിക്കറിയണം. അയാളുടെ ഭാര്യയും കുട്ടിയും പട്ടിണികിടക്കുന്നതിനു ഞാൻ സമ്മതിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നോ?"

"എന്റെ കുട്ടീ, നീ അതിനനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല."

അവർ രണ്ടാളും ആ വൃദ്ധനെ അനുഗമിച്ചു. ആ യുവാവു ഒരു വൈദ്യനെ വരുത്തി പാവപ്പെട്ട സ്ത്രീയേയും അവളുടെ കുട്ടിയേയും ചികിത്സിപ്പിച്ചു സുഖമാക്കി. പിന്നീടു ആ വൃദ്ധനെ തന്റെ വീട്ടിൽ കൊണ്ടുവരുകയും ഒരു തോട്ടപ്പണിക്കാരനായി നിശ്ചയിച്ചു നല്ല മാസപ്പടി കൊടുക്കയുംചെയ്തു. വൃദ്ധനും, ഭാര്യയും, കുട്ടിയും ഗ്രാമീണവാസം നിമിത്തം നല്ല ആരോഗ്യദൃഢഗാത്രരായിഭവിച്ചു.

ആ ശിഷ്യനും അവന്റെ ഗുരുവും ഇതു "ഒരു നേരായ നേരമ്പോക്കാണെന്നു" സമ്മതിച്ചു. -- ഫാദർ ജൂലിയാൻ സി. ഡി.

ക്രിസ്തുരാജന്റെ
യഥാർത്ഥസ്നേഹികൾ.

I.

യഥാർത്ഥസ്നേഹം.

സ്നേഹിക്കുക എന്നതു എന്തെന്നു് ഏവർക്കും അറിയാം. പക്ഷെ അതിനെ സമഞ്ജസമായി നിർവ്വചിക്കുവാൻ ആർക്കും സാധിക്കുന്നില്ല. അതു സ്വഭാവത്തിൽ അസങ്കീർണ്ണവും (Simple) പ്രവൃത്തിയിൽ സങ്കീർണ്ണവും ആകകൊണ്ടാണു് ശരിയായ നിർവ്വചനം രൂപവൽകരിക്കുവാൻ ആർക്കും കഴിയാത്തതു്.

സ്നേഹം ഒരു ശക്തിയാണു് — അതെ, ഒരു മഹാശക്തിതന്നെയാണു്. ഇതുപോലെതന്നെ മറ്റു മഹാശക്തികളും അനിർവ്വചനീയങ്ങളാകുന്നു. അവയുടെ സഹായത്താൽ ചെയ്യാവുന്ന ഏതാനും ചിലസംഗതികൾ ഇന്നിന്നിവ എന്നു പറവാൻ മാ

രുമേ നമുക്കു സാധിക്കയുള്ളൂ. വിദ്യുച്ഛക്തിയുടെ പ്രവർത്തനങ്ങൾ പലതും നാം ദർശിക്കുന്നുണ്ടെങ്കിലും അതെന്തെന്നു പറയാൻ നാം അശക്തരാണ്. അതുപോലെ തന്നെ ജീവൻ, പ്രകാശം, മൂട്ട് എന്നിവ നാം ശൈശവം മുതല്ക്കേ അറിയുന്നവയാണെങ്കിലും അവയ്ക്കു ശരിയായ നിർവ്വചനം ചെയ്യുന്നതിന് നമുക്കു കഴിയുന്നില്ല. അതുകൊണ്ടാൽ ഒരു സുപ്രസിദ്ധഗ്രന്ഥകാരൻ പറയുന്നതു് "സ്നേഹം എന്തെന്നറിയുന്നതിനേക്കാൾ സ്നേഹിക്കുക എന്ന പ്രവൃത്തിയെ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു" എന്നാണ്.

ഒരു വസ്തുവിന് നാം കല്പിക്കുന്ന വിലയനുസരിച്ചാണ് നാം അതിനെ സ്നേഹിക്കുന്നതു്. ഇപ്രകാരം നാം ഒരണയേക്കാൾ ഒരു രൂപായേയും ഒരു രൂപായേക്കാൾ നൂറുരൂപായേയും നൂറുരൂപായേക്കാൾ ലക്ഷം രൂപായേയും ലക്ഷം രൂപായേയും മറ്റു സമസ്തത്തേയുംകാൾ സ്വജീവനേയും സ്നേഹിക്കുന്നു.

എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക എന്നതാകുന്നു യഥാർത്ഥസ്നേഹം അഥവാ ഉപവി.

അജ്ഞാതനിമിത്തം നാം ഒരുപക്ഷേ വസ്തുക്കൾക്കു അവയ്ക്കുള്ളതിൽ കൂടുതലായ വില കല്പിച്ചേക്കാം. ബെഞ്ചമിൻ ഫ്രാങ്ക്ലീൻ അദ്ദേഹത്തിന്റെ സ്വകാര്യസമ്പാദ്യമെല്ലാം ഒരു നല്ല വിലവരുന്ന ഒരു പൂളയ്ക്കായി കൊടുത്തുകളഞ്ഞു. ഇപ്രകാരം തന്നെ ഒരു കിരാതൻ ആറണ വിലവരുന്ന ഒരു മുഖക്കണ്ണാടിക്കോ വിവിധവർണ്ണമുള്ള ഒരു തുവാലക്കോ വേണ്ടി കൈവശമുള്ള എന്തും കൊടുത്തുകളയുവാൻ മടിക്കുകയില്ല.

സ്നേഹിക്കുക എന്നുള്ളതു് നമ്മുടെ പ്രകൃതിയാണ്. അതിനെ നമ്മുടെ ആത്മാവിൽനിന്നു ബഹിഷ്കരിക്കുക നമുക്കു സാധ്യമല്ല. അതിന്റെ വിഷയം മാറുവാൻ മാത്രമേ നമുക്കു കഴികയുള്ളൂ. മഗ്ദലേനമറിയം അവളുടെ മാനസാന്തരത്തിനുമുമ്പു് പാപകരമായ ആനന്ദങ്ങളെ സ്നേഹിച്ചിരുന്നു. എന്നാൽ പിന്നീടു അവൾ അവയ്ക്കു പകരം ഈശോയെ സ്നേഹിക്കുവാൻ തുടങ്ങി. മാറ്റ് ടാൽബൊട്ട് ഒരിക്കൽ മദ്യപാനത്തേയും ദുഷ്പ്രവാസത്തേയും ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, അനന്തരം ഇവ

യെ എപ്പോഴും ദൈവത്തേയും ദൈവോപാസനത്തേയും പ്രതി ഉപേക്ഷിച്ചു. ഒരു ശില്പിക്ക് അവന്റെ കൈവശമുള്ള മാർബിളം കഷണത്തിൽനിന്ന് ക്രിസ്തുവിന്റെയോ സാത്താന്റെയോ പ്രതിമ കൊത്തിയുണ്ടാക്കുവാൻ സാധിക്കും. അതേ പ്രകാരം തന്നെ നമ്മുടെ മനഃസ്വാതന്ത്ര്യത്തിന് നമ്മുടെ സ്നേഹം വഴിയായി നമ്മെ പുണ്യവാന്മാരാക്കുവാനോ പാപിഷ്ഠരാക്കുവാനോ കഴിയും.

ഭൂരിപക്ഷം ആളുകളും തങ്ങളുടെ സ്നേഹത്തെ വിഭജിച്ചു ഒരുവനുമാക്കിക്കളയുന്നു. പുണ്യവാന്മാരും, ലൗകികന്മാരും, സ്വാർത്ഥസ്നേഹികളും സ്ത്രീസേവകന്മാരും ഏറക്കുറെ ഏകാഗ്രചിത്തതയോടെ വർത്തിക്കുന്നതുകൊണ്ട് അവർ അവരുടെ സ്നേഹത്തെ പ്രബലപ്പെടുത്തുകയും പ്രകടമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നു പറയാം. നീർക്കുഴൽ കേടുകൂടാതിരിക്കുന്നിടത്തോളം കാലം വെള്ളം അതിൽ കൂടി ഉയർന്നോടെ പ്രവഹിക്കുന്നു. നേരെമറിച്ചു ചോരുന്നതാണെങ്കിൽ വെള്ളച്ചാട്ടത്തിന്റെ ഉയർച്ചിതം കുറയും. വെറും പൊട്ടനീർക്കുഴലാണെങ്കിൽ വെള്ളച്ചാട്ടം ഉണ്ടെന്നു പറവാൻപോലും ഉണ്ടായിരിക്കയില്ല.

ഇതുയും പറഞ്ഞതിൽനിന്നു ക്രിസ്തുരാജന്റെ യഥാർത്ഥസ്നേഹിയായിരിക്കുന്നതു എപ്രകാരമെന്നു ഏറക്കുറെ വിശദമായിരിക്കുമല്ലോ. അദ്ദേഹത്തെ സ്നേഹിക്കുന്നവർ അവരുടെ സ്നേഹത്തെ അദ്ദേഹത്തിൽ തന്നെ ഏകാഗ്രതയോടെ നിക്ഷേപിക്കയും, അവിടുത്തെ സൃഷ്ടികളെ, അവ നിത്യസ്നേഹലബ്ധിക്ക് എത്രകണ്ടു സാധകമാകുന്നുവോ അത്രത്തോളം സ്നേഹിക്കയും ചെയ്യുന്നു. ഇങ്ങനെവം സ്നേഹമാകുന്നു. നമ്മുടെ സ്നേഹം ദൈവസ്നേഹത്തിലുള്ള പങ്കുകൊള്ളലത്രെ.

ഇതിനെ വിശദീകരിക്കുന്നതിന് ഒരു ഉദാഹരണം പറയാം. സൂര്യൻ പ്രകാശത്തിന്റെ നിലയനമാകുന്നു. നാം ഇതിൽ നമ്മുടെ സാഹചര്യങ്ങളനുഭവിക്കുന്നതനുസരിച്ചു ഏറക്കുറെ ഭാഗഭാക്കുകളാകുന്നുണ്ട്. എങ്കിലും അതിനെ സ്വായത്തമാക്കാമെന്നു നമുക്ക് ഒരിക്കലും വിചാരിക്കാവതല്ല.

ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നമുക്കുള്ള ഏകാഗ്രത

(Concentration) എത്ര വലുതായിരിക്കുമോ നമുക്കു അങ്ങേയോടുള്ള സ്നേഹവും അത്ര വലുതായിരിക്കും. ഇതിനെ മോക്ഷത്തിൽ വച്ചു പൂർത്തീകരിക്കപ്പെട്ടുന്നതുവരെ സദാ വർദ്ധമാനമാക്കിക്കൊണ്ടിരിക്കാവുന്നതാണ്. അതുകയാൽ ജീവിതത്തിലേ ഓരോ ദിവസവും എത്രതന്നെ ക്ലേശപൂർണ്ണമായിരുന്നാലും ശരി, ഓരോ മഹത്തായ അനുഗ്രഹമായിരിക്കും. നാം ദൈവവരപ്രസാദത്തിലാണ് ഇരിക്കുന്നതെങ്കിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹം അനുനിമിഷം വളർന്നുകൊണ്ടിരിക്കും. നമ്മുടെ അഗ്രഹവും പ്രവൃത്തിയും എത്രകണ്ട് ഉദ്ദേശശുദ്ധിയുണ്ടോ അത്രകണ്ട് ഈ വർദ്ധനവും വലുതായിരിക്കും.

സ്നേഹം എന്നുള്ളത് ആത്മാവിന്റെ ഒരു ശക്തിയാണ്. ശരീരത്തിന് ക്രിയാത്മകമായി അതിന്റെ ഒരു ഉപകരണമായിരിക്കുവാനേ സാധിക്കുകയുള്ളൂ. അതുകയാൽ ഒരു മൃതശരീരത്തിനു സ്നേഹമുണ്ടായിരിക്കുക എന്നുള്ളത് സംഭാവ്യമല്ല. മറിച്ചു, ആത്മാവിൽ, മരണം മൂലം ശരീരത്തിൽനിന്നു വേർപെട്ടതിനുശേഷവും ദൈവത്തെ സ്നേഹിക്കുവാൻ കഴിയും.

ദൈവസ്നേഹത്തിന് a) ചാവുദോഷത്തിൽനിന്നു അകന്നിരിക്കുക b) പാപദോഷത്തിൽനിന്നകന്നിരിക്കുക c) സ്നേഹത്തെ വർദ്ധിപ്പിക്കുവാൻ തക്ക പുണ്യപ്രവൃത്തികൾ അഭ്യസിക്കുക d) സ്വർഗ്ഗീയരാജനായ ഈശോയുടെ പക്കൽചെന്നു ചേരുവാൻ ആഗ്രഹിക്കുക എന്നിങ്ങനെ പല പടവികളുണ്ട്. ഈ ഒടുവിൽ പറഞ്ഞ ആഗ്രഹം നമ്മുടെ സൗഭാഗ്യത്തിനായിട്ടു മാത്രമല്ല, പ്രത്യുത, ജീവിതത്തിലേ ന്യൂനതകളിൽ നിന്നു വിമുക്തരായി, പ്രതിബന്ധരഹിതരായി അങ്ങേയ്ക്കായിട്ടുമാത്രം അങ്ങയെ സ്നേഹിപ്പാനുള്ള അഭിലാഷമത്രെ. 'ദേഹനാശം സഹിച്ചു മിശിഹായോടുകൂടി ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു' എന്നു പറഞ്ഞപ്പോൾ വി. ശ്ലീഹാ ഉദ്ദേശിച്ചതും ഇതുതന്നെയായിരുന്നു.

'അതിപരിചയാദവജ്ഞ' എന്ന ചൊല്ലു നമുക്കു ദൈവത്തോടുള്ള പെരുമാറ്റത്തിൽ ഒരു അപവാദം തന്നെയാണ്. നാം മനുഷ്യരെ എത്ര നന്നായിട്ടറിയുന്നുവോ അത്രയധികം അ

പൂർണ്ണതകളും അവരിൽ നാം കണ്ടെത്തുന്നു. എന്നാൽ നാം ദൈവത്തെ എത്ര നന്നായിട്ടറിയുന്നുവോ അത്രയധികം പരിപൂർണ്ണതകളാണ് നമുക്കു ദൃശ്യമാകുന്നതു്. പക്ഷേ അവ അനന്തങ്ങളും നാം പരിമിതരുമാകയാൽ അവയെ പരിപൂർണ്ണമായിട്ടറിയുവാൻ നമുക്കു സാധിക്കുകയില്ല. ആകയാൽ നാം ഈ ലോകത്തിലായിരിക്കെ അങ്ങയോടുള്ള നമ്മുടെ സ്നേഹത്തെ നമുക്കു എപ്പോഴും വർദ്ധിപ്പിച്ചുകൊണ്ടു തന്നെയിരിക്കാം.

ഇക്കാരണത്താലാണ് സ്നേഹത്തോടൊപ്പം ദൈവജ്ഞാനവും വർദ്ധിക്കുന്നതു്. ചില നിരക്ഷരകുക്ഷികൾക്ക് ദൈവജ്ഞാനം അത്യധികമായുണ്ടായിരിക്കയും പരിശുദ്ധ പാപ്പാമാർ വേദശാസ്ത്രജ്ഞന്മാർ ആദിയായവർപോലും അവരുടെ സഹായത്താൽ സംശയനിവാരണം ചെയ്യുംചെയ്തിരുന്നതിന്റെ രഹസ്യം ഇതാണ്.

"അധികം അറിയുന്നതിലോ, അധികം ധ്യാനിക്കുന്നതിലോ, അധികം ആലോചിക്കുന്നതിലോ അല്ല പുണ്യപൂർണ്ണത അടങ്ങിയിരിക്കുന്നതു്. പ്രത്യുത, അധികം സ്നേഹിക്കുന്നതിലത്രെ" എന്നു പണ്ഡിതവരേണ്യനായ വി. തോമസ് അകിനാസ് പറയുന്നു.

സ്നേഹം അത്യധികമായിട്ടുണ്ട് എന്നു പ്രജ്ഞാക്രൂടാതെതന്നെ ഒരുവനിൽ നിസ്സീമമായ സ്നേഹം ഉണ്ടായിരിപ്പാൻ പാടുണ്ട്. അതു മനസ്സിനെയാണ് മുഖ്യമായി ആശ്രയിച്ചിരിക്കുന്നതു്. 'മനുഷ്യരുടെ മനസ്സു ഏതുവിധമോ അവരും അവ്വിധം' എന്നാണ് വി. തോമസ്സിന്റെ അഭിപ്രായം. മാറ്റ് ടാൽബോട്ടിനെപ്പോലെ, ദൈവത്തെ അത്യധികമായി സ്നേഹിക്കയും ദിവസേന അനേകം മണിക്കൂറുകൾ പ്രാർത്ഥനയ്ക്കായി ചെലവഴിക്കയും ചെയ്തിരുന്ന ഒരു പുണ്യശ്ലോകനെ എനിക്കറിയാം. മുപ്പതു വർഷത്തോളം അയാൾക്കു പ്രാർത്ഥനയിൽ യാതൊരു അഭിരുചിയും തോന്നിയിരുന്നില്ലെന്നും, അതു ദൈവത്തിനു പ്രീതികരവും അയാൾക്ക് ആവശ്യകവുമെന്നു കണ്ടതുകൊണ്ട് അയാൾ അതിനെ മുടക്കാതെ കഴിച്ചുവന്നുവെന്നും അയാൾ ഒരിക്കൽ എനോ

അത്ഭുതപരതന്ത്രനാക്കത്തക്കവിധം പറഞ്ഞു കേൾപ്പിക്കയുണ്ടായി.

സ്നേഹം ആനന്ദത്തിനു കാരണമാകുന്നു. ഭക്തിക്കും അതു കാരണമാകുന്നു. എന്നാൽ ആലസ്യത്തിനു ഹേതുവാകുന്നില്ല.

നെല്ലിൽനിന്നു നെല്ലുണ്ടാകുന്നതുപോലെ സ്നേഹത്തിൽനിന്നു സ്നേഹവും ആവിർഭവിക്കുന്നു.

ദൈവസ്നേഹത്തിനായിട്ടു ചെലവഴിക്കപ്പെടാത്ത ഓരോ ദിവസവും നഷ്ടപ്പെട്ടതായിട്ടാണു് നാം ഗണിക്കേണ്ടതു്.

നമുക്കു ഇഹലോകത്തിൽവച്ചോ പരലോകത്തിൽവച്ചോ ദൈവത്തെ അവിടുന്നു അറിയുന്നതുപോലെ സ്നേഹിക്കുവാൻ ഒരിക്കലും സാധിക്കുകയില്ലെന്നുള്ളതു തർക്കമറ്റ സംഗതിയാണു്. യാതൊരു സൃഷ്ടിക്കും, പ. ക. മറിയത്തിനുപോലും ഇതു സാധ്യമല്ല. എന്തുകൊണ്ടെന്നാൽ സൃഷ്ടികളുടെ ശക്തി കേവലം പരിമിതമാകുന്നു.

എന്നാൽ നാം എപ്രകാരം സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നുവോ അതു നമുക്കേവർക്കും സാധ്യവുമാണു്.

മേല്പറഞ്ഞ സത്യങ്ങളിൽ ചിലതിനെക്കുറിച്ചു ചിന്തിക്കുന്നതായാൽ "നിത്യജീവൻ എന്നതു് ഏക സത്യദൈവമായ നിന്നേയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ" എന്ന വേദവാക്യം ക്രൂടതൽ നന്നായി മനസ്സിലാക്കുവാൻ നമുക്കു കഴിയും.

മാത്രമല്ലാ, ഒരുപക്ഷേ നാമും വി. അഗുസ്തീനോസിനോടുകൂടെ "സദാ അതിപുരാതനവും എന്നാൽ അതിനവ്യവുമായിരിക്കുന്ന ഓ! സൌന്ദര്യമേ, ഞാൻ വളരെ താമസിച്ചാണു് നിന്നെ സ്നേഹിക്കുവാൻ തുടങ്ങിയതു" എന്നും, "എന്റെ ദൈവമേ, ഞാൻ നിന്നേയും എന്നേത്തന്നെയും അറിയുന്നതിനു് അനുഗ്രഹം ചെയ്യണമേ" എന്നും വിളിച്ചപേക്ഷിക്കും.

നാമും നമുക്കു ലഭിച്ചിരിക്കുന്ന പ്രമാണങ്ങൾ എങ്ങിനെയാണു് അനുസരിച്ചുപോരുന്നതെന്നുള്ളതിനെക്കുറിച്ചു ഒരു ആത്മപരിശോധനചെയ്യാൻ നിർബന്ധിതരാകും. "നിന്റെ ക

ത്താവായ ദൈവത്തെ നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടി സ്നേഹിക്കണം" എന്ന കല്പനയെ അപ്പോൾ നാമും അനുസ്മരിക്കും.

— തിയോഫിലോസ്.

പാവനമറിയം.

തുള്ളൽ.

(വി. കെ. ജോസഫ് മാപ്പിള.)

ഉണ്ണിക്കാലടികാണാഞ്ഞധികം
കുണ്ഠീരുണ്ടഖിലേശപരാംബ് ജം
വന്ദിച്ചൻപൊടുവാണമനോഹാരി-
യന്നായെന്നൊരുവനിതയിൽനിന്നു.
പലപാപക്കറപരമാളീടും
ഭൂലോകത്തിനൊരക്ഷിപ്പാനായ്
മാലില്ലാത്തമുഖപ്രഭപൂണ്ടൊരു
ബാലികകുലമണിയുലകിലുദിച്ചു.
ലോകത്തിൻതാതാവാംരവിയീ-
ലോകത്തിൽവന്നീടുംമുമ്പേ
പ്രാകാര്യത്തെയാട്ടിച്ചൊരുതാരക-
യാകുന്നിവളതിനില്ലൊരുഭേദം.
മറിയാംബികയെന്നാണിവളുടെപേർ
മറിമായംകൂടാതുള്ളിയില്ലാ
അറിവകതളിരിൽപ്പരമുള്ളതിനാൽ
നെറിവിൻദർപ്പണമായിവളിളയിൽ.
സത്യം,സാധുജനങ്ങളിലിഷ്ടം,
നിത്യംകളിജപമമിതവിരക്തി,
കൃത്യം,ദൈവഭയം,പരിശുദ്ധത,
യിത്യാദികമപരമാളുന്നിവളിൽ.
ഇങ്ങിനെതിങ്ങിനഗുണമുള്ളോരീ-
യംഗനയേറുപരുടെറുപനാകും
കുത്താവിൻമാതാകുനായി-
പ്പോത്താരികലയച്ചഖിലേശൻ
പരിശുദ്ധാത്മാവിൻതേജസ്സീ-
പരിശുദ്ധാംഗിയിലുണ്ടായതിനാൽ
മാലാകാമാക്കുംമനുജക്കും
മേലായിവളുടെ മതിയുടെമഹിമ.
ദൈവംതൻസുതയെപ്പോലിവളെ-
ക്കേവലമങ്ങിനെ ലാളിച്ചതിനാൽ
ദ്യോവിൽവസിക്കുംവിബുധന്മാരും
സേവകവൃത്തിതുടങ്ങിമുറയ്ക്കു.
ഗബ്രീയേൽമാലാകായെമഹേശൻ
മറിയാംബികയുടെ കാവലിനാക്കി
ഭ്രുതങ്ങളുമവളുടെപേർകേട്ടാൽ
ഭീതികലർന്നുവിറച്ചിടുമോരാം.
ഭൂമിയിലുണ്ടായപ്പോഴത്തന്നേ
ധീമതിയായിവൾതീർന്നുവിശേഷൽ
ധരണിയിലുള്ളസുഖങ്ങൾവെടിഞ്ഞു
വാരണവാരപമഹ! ഹ! തുടങ്ങി.
മൂന്നുവയസ്സുകഴിഞ്ഞൊരുനേരം
കുന്നിൻമുകളിൽക്കുടെനടന്നു
ഓരാശ്രമപള്ളിയിലവൾപോയുടൻ
കുറെനേരപ്രാർത്ഥനചെയ്തുതുടങ്ങി.
അപ്പനെയുംമാതാവിനെയുംപെ-
ട്ടന്നുംപൂവികൾനിനച്ചീടാതെ
അല്പംഭക്തികലർത്തിക്കൊണ്ടവ-
ളപ്പൊഴ്മറിയതപസ്സുതുടർന്നാൾ.

ഉറങ്ങുന്നേരമില്ലാതധികം
ചേണാർന്നീക്കമനീമണിരത്നം
പാണികൾകൂപ്പിനമിച്ചീശ്വരനെ-
ക്കാണാനെള്ളോരു വേലതുടങ്ങി.
അപ്പോളാദത്തിനുവാകിയ
കെപ്പേറീടിന ദോഷമൊഴിപ്പാൻ
യൂദകുലത്തിൽജനിപ്പാനീശൻ
മോദമോടടനെ നിനച്ചുമനസ്സിൽ.
ദിവ്യാത്മാതിരിഞ്ഞൊരുമാത്രയി-
ലവ്യാജംപലരോടുരചെയ്തു
മധുരമെഴുന്നാഗിരമഖിലംപുതു-
മധുമൊഴിയുടെ ചെവിയിപ്പെട്ടതിനാൽ
അവികലകൃതുകരംപൂണ്ടുടനെ (ര
അവളഖിലശനൊടിങ്ങനെ ചൊന്നാ
"നീയില്ലാതൊരുശരണമെനിക്കി-
ന്നയ്യോ! ധരണിയിലില്ലമഹേശ!
കണ്ണിനുനീ വെളിവുകിടന്നമി-
പ്പെണ്ണിനുതുണമറൊരുവനുമില്ലേ
പൂവ്വന്മാരുടെ പിഴപോക്കാനായ്
സർവ്വേശ! ഞാൻ പ്രാർത്ഥിക്കുന്നേൻ.
കണ്ടീടുന്നതിനണ്ടതികൊതിയക-
തണ്ടിലെനിയ്ക്കുന്നരികു ദയാലോ!
ഭാഗ്യമിവംക്കതിനുണ്ടായെന്നും
യോഗ്യതനീതരുമോപരമെന്നും
തെല്ലുമെനിയ്ക്കുറിവില്ലഖിലേശ!
പുല്ലിനുസമയാകുന്നിവരം പാർത്താൽ
നീമന്നികുൽ ജനിച്ചാലുടനെ
പ്രേമമെഴും പരിചാരികയായ് ഞാൻ
വേലകൾചെയ്യാം ക്ലേശകൾവേണ്ടാ
ബാലകനുടെമുഖതാർ കണ്ടാൽമതി.
നിന്നെയെടുത്തു കുളിപ്പിക്കാനും
നിന്നുടെ കളികൾ കണ്ടീടാനും
നന്നായാശയതാരിലെനിയ്ക്കുൻ
പൊന്നോ! മോഹംപരമയരുന്നു
പള്ളിയുറക്കം നീ തുടരുമ്പോ-
ളുള്ളിൽപ്പെറിയ രസത്തൊട്ടനിന്നെ
മാറിലണച്ചുകിടക്കുന്നതിനും
ഏറിയമോഹമെനിയ്ക്കുണ്ടഥനാ
ഉണ്ണിയുറങ്ങിടുമ്പോഠം ഞാനെൻ
കണ്ണിമകൂടിയടച്ചീടാതേ
സപ്പണ്ണസരോജക്കഴലിണമുത്തി-
വിണ്ണിനധീശനകാവലിരിക്കാം
വമ്പേറും കളിർവന്നാൽ ഞാനെൻ
കമ്പിടികൊണ്ടു പുതപ്പിച്ചീടാം
നിന്തിരുവടിചൂടാലെ വിയത്താൽ
സന്തതമനുവിനാലേതുമാറാം"
കന്യകതിങ്ങിനമോദമൊടേവം
മന്നിൽനിന്നുമിരുന്നുംമന്ദം
നന്നെനിനച്ചവരം പിന്നെയുമിങ്ങനെ
സന്ദേഹങ്ങൾകഥിച്ചുതുടങ്ങി.
'ഈലോകത്തിൽകുമിയാകുന്നീ-
ബാലികയാൾക്കതിനർഹതയുണ്ടോ?
നീയഖിലേശ! ഗുണൗഘസമുദ്രം
നീയഖിലത്തിനുമേകാധീശൻ
ഒത്തതുവുന്ദം നിഷ്കുർനിൻതിരു-
മുമ്പിൽനമിച്ചനിശംനിലുന്നു
മണ്ണോടുചേർന്നാശിക്കാനെള്ളോരു
പെണ്ണിതിനെന്തിനു മോഹിക്കുന്നു.'
ഇങ്ങിനെമാനസമിളകിവിചാരി-
ച്ചംഗനപരൻടെവരമർത്ഥിച്ച
അംഗജനിലെഴുന്നാരുയെഴിച്ചുവ-
ളംഗമുടൻ ദേവനിലപ്പിച്ചു.

സെപ്റ്റമ്പർ മാസത്തിലെ

പൊതുനിയോഗം.

വേദപഠനം.

വിശ്വാസവും സന്മാർഗ്ഗവും ക്ഷയിച്ചുവരുന്ന ഇക്കാലത്തു് മതപഠനത്തിന്റെ ആവശ്യം എത്രമാത്രമുണ്ടെന്നു ആരോടും പറഞ്ഞറിയിക്കേണ്ടതില്ല. ഐഹികസുഖാനുഭോഗങ്ങൾ അയഥാർത്ഥങ്ങളും, ക്ഷണഭംഗുരങ്ങളുമാണെന്നും ഐഹിക ജീവിതാനന്തരം ഒരു നിത്യജീവിതമുണ്ടെന്നും ആ ജീവിതത്തിലെ സുഖദുഃഖങ്ങൾ ശാശ്വതങ്ങളാണെന്നും, ആ അനന്തസുഖലബ്ധിക്കായിട്ടാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും അതിനെ പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം കത്തോലിക്കാ സഭയാണെന്നും മറ്റുമുള്ള സിദ്ധാന്തങ്ങൾ കായ്കാരണസഹിതം മനസ്സിലാക്കാത്തതാണു് ഇന്നുള്ള ഒരു വലിയ ദോഷം. ആകപ്പാടെ നോക്കുന്നതായാൽ നമ്മുടെ സാഹചര്യങ്ങൾ ആത്മാവിന് ഒട്ടുംതന്നെ സുഖകരമായിട്ടുള്ളതല്ലെന്നു മാത്രമല്ല അവ നമ്മുടെ വിശ്വാസത്തിൽനിന്നു നമ്മെ വ്യതിചലനം ചെയ്യിക്കുന്നതിനു് പ്രബലങ്ങളായ പ്രലോഭനങ്ങളെ നമ്മിൽ ധാരാളം ജനിപ്പിക്കുന്നവയുമാകുന്നു. ഇങ്ങിനെയുള്ള ക്ഷോഭവികാരങ്ങളെ നിരോധിക്കുന്നതിനു് ശക്തിയുള്ളതായി വിശ്വാസസ്ഥിരത ഒന്നുമാത്രമേയുള്ളുവെന്നും വിശ്വാസസ്ഥിരതയുണ്ടാകുന്നതിനു് വേദപഠനം അത്യാവശ്യമാണെന്നും എല്ലാവർക്കും അറിവുള്ളതാണല്ലൊ. അതുകൊണ്ടു് ഈ കായ്യസാദ്ധ്യത്തിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണു്.

C .M. P.

സന്നിപാതജ്വരം.

(ടൈഫോയിഡ്.)

(ദിവാൻ ബഹദൂർ ഡോക്ടർ വി. വടിസ്.)

(തുടർച്ച.)

രോഗനിരോധനമാർഗ്ഗം.

ഈ രോഗം ബാധിക്കാതിരിക്കുവാനായി പ്രധാനമായി വേണ്ടതു മുൻപറഞ്ഞമാതിരി ഭക്ഷണസാധനങ്ങളിലും പാനീയങ്ങളിലും ഈ രോഗത്തിന്റെ വിഷബീജം വരാതെയിരിക്കുന്നതിനായി വേണ്ടുന്ന മുൻകരുതലുകൾ ചെയ്യുന്നതെന്നയാകുന്നു. ഇങ്ങനെ ചെയ്യുന്നതായാൽ ഈ രോഗത്തെ അത്ര ഭയപ്പെടുവാനില്ല. ഇങ്ങനെ രോഗത്തിന്റെ ബീജങ്ങൾ ഉള്ളിൽ കടക്കാതിരിക്കുവാനായി ഏതെല്ലാം വിധത്തിൽ ബദ്ധശ്രദ്ധരായിരിക്കണമെന്നു അവനവന്റെ യുക്തികൊണ്ടാലോചിച്ചു ചെയ്യേണ്ടതു ചെയ്യണമെന്നു പറയുന്നതല്ലാതെ, ഓരോരുത്തരുടെയും സ്ഥിതിക്കനുസരിച്ചു ഇന്നതു ചെയ്യണമെന്നു വിവരമായി വിസ്തരിക്കാൻ പ്രയാസമാണ്. എങ്കിലും കിണറുകളിലും, കുളങ്ങളിലും, വെള്ളം ശേഖരിക്കുന്നതിനുപയോഗിക്കുന്ന മറ്റു ജലാശയങ്ങളിലും, പ്രത്യേകിച്ചു ഭക്ഷണപാനീയങ്ങളിലും ഈ വിഷം കലരാതെ സൂക്ഷിക്കേണ്ടതു മുഖ്യമെന്നു മൊത്തമായി പറയാം. രോഗികളുടെ അഴുക്കു വസ്ത്രങ്ങളും കിണറുകളുടെയും കുളങ്ങളുടെയും സമീപത്തു അടിച്ചുതിരുമ്മരുതു്. രോഗികളുടെ മലമൂത്രാദികളെല്ലാം ആ മുറിയിൽവച്ചുതന്നെ മരുന്നൊഴിച്ചു അതിലുള്ള വിഷം നശിപ്പിച്ചില്ലാതെ പുറത്തേക്കു കളഞ്ഞുപോകരുതു. രോഗം പകരാതെയിരിക്കേണ്ടതിനു രോഗിയെ പ്രത്യേകിച്ചു ഒരു മുറിയിലോ വേറെയോ താമസിപ്പിച്ചു ശുശ്രൂഷിക്കണം. പാലും വെള്ളവും

നല്ലപോലെ തിളപ്പിച്ചല്ലാതെ ഉപയോഗിക്കരുത്. ഈ ജ്വരത്തെ അകറ്റിനിറുത്തുന്നതിനായി ഇപ്പോൾ സാധാരണയായി ഒരുതരം മരുന്നു കുത്തിവെക്കുന്നതും വളരെ ഫലപ്രദമായിട്ടു കണ്ടുവരുന്നുണ്ട്.

മലമൂത്രാദി വിസർജ്ജനങ്ങളെ ശരിയാകുംവണ്ണം മരുന്നു കലത്തി അതിന്റെ ദോഷത്തെ നശിപ്പിക്കണം. അതിനായിക്കൊണ്ടു (Phenyle) ഫീനയിൽ ധാരാളം ഉപയോഗിച്ചാൽ മതിയാകും.

രോഗത്തിന്റെ ചികിത്സയെപ്പറ്റിയല്ല ഈ കടലാസ്സിൽ കാണിപ്പാൻ തുനിഞ്ഞിരിക്കുന്നതു്. രോഗിയെ എഴുന്നേല്പിക്കാതെ കിടത്തിക്കൊണ്ടിരിക്കണം. പൂർണ്ണ സ്വസ്ഥത കൊടുക്കുകയും വെള്ളമായിട്ടുള്ള ആഹാരം കൊടുക്കുകയുമാണു ഏറ്റവും പ്രധാനമായിട്ടു ചെയ്യണ്ടതു. രോഗിക്കു കിടപ്പിൽ നല്ല വിശ്രമം കൊടുക്കുകയും ദ്രവരൂപത്തിലുള്ള ഭക്ഷണമല്ലാതെ വേറെയാതൊരുവിധത്തിലുമുള്ള ആഹാരം കൊടുക്കാതിരിക്കുകയും വേണം.

ഇവയെപ്പറ്റിയും പുറമെ രോഗിയുടെ വസ്ത്രങ്ങളും ശരീരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്താൽ സാധാരണ നിലയിലുള്ള ഒരു രോഗിക്കു വൈദ്യന്റെ പ്രത്യേക ശുശ്രൂഷയൊന്നും കൂടാതെ കഴിക്കാം.

(ഡാക്ടർ ഡി. ആർ. റാവു അവർകളുടെ ടീകാ.-തൃശ്ശിവപേരൂർ, കുന്ദാകുളം, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി എന്നീ പ്രദേശങ്ങളിൽ ഈ ദീനം പ്രായേണ സ്ഥായിയായി കൂടിയിരിക്കുന്നു. ഇതിനുള്ള കാരണം കാണുന്നതിനു ദൂരെ പോകണമെന്നില്ല. മറക്കഴി അടുത്തുള്ള കിണറുകളിലെ വെള്ളമാകുന്നു ഇതിനുള്ള പ്രധാന ഹേതു. മഴതുടങ്ങിയാൽ കിണറുകളിലേയും മറക്കഴികളിലേയും വെള്ളം ഒരു നിലയിൽ എത്തും; ആ സമയം വെള്ളം കലിഞ്ഞു (സ്രവണംമൂലം) വെള്ളങ്ങളം തമ്മിൽ സമ്പർക്കമുണ്ടാകുന്നു. പിന്നെ രോഗബീജങ്ങളം സുലഭമായി തീരുന്നു.

ഈ ജ്വരം തൃശ്ശിവപേരൂരങ്ങാടികളെ വിട്ടുപിരിഞ്ഞിട്ടുള്ള

കാലം കുറവാണ്. നടപ്പുദീനംപോലെ ഇതു ആളുകളെ കൊല്ലുന്നില്ലായിരിക്കും. എങ്കിലും ഇതു നിമിത്തം നേരിടുന്ന ക്ഷീണം, മറു രോഗങ്ങൾ ബാധിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിത്തീരുന്നു. ഇപ്പോൾ പല വീടുകളിലും ഇക്കാലത്തു ഈ പനി സാധാരണയായി തീർന്നിരിക്കുന്നു. ഒരുകാലത്തു എറണാകുളത്തും ഇങ്ങനെതന്നെയായിരുന്നു. എന്നാൽ, ആലുവാവെള്ളം വന്നതോടുകൂടി ഇതിനു വളരെ കുറവുണ്ട്. ഇന്നും തെക്കൻ താലൂക്കുകളിലെ ഉൾപ്രദേശങ്ങളിൽ ഈ രോഗം ബാധിച്ചവരും ബാധിക്കുന്നവരും അനവധിയുണ്ട്. മോചനമാർഗ്ഗങ്ങളിൽ മുഖ്യമായവ രണ്ടാണ്. കുടിക്കാനുപയോഗിക്കുന്ന വെള്ളം എടുക്കുന്ന ജലാശയങ്ങളെ മലിനപ്പെടുത്താതെ സംരക്ഷിക്കുക; വെള്ളം തിളപ്പിച്ചു കുടിക്കുക എന്നും തിട്ടപ്പെടുത്തുക.)

(ഈ പാവ്വതി - സരോജ - സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിനെ തുടർന്നു ഈവിധമുള്ള വേറെ ലഘുപത്രികകളേയും ഇങ്ങനെ പ്രസിദ്ധപ്പെടുന്നതായിരിക്കും. ഗസറു വാങ്ങുന്നവർ മാത്രം ഇവയെ വായിച്ചാൽ മതി എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇവയെ ഇതിൽ പ്രകാശിപ്പിക്കുന്നത്. കേരളരാജ്യത്തുള്ള വർത്തമാനപത്രങ്ങളും മാസികകളും ഇവയെ പകർത്തി ഇവയ്ക്കു പ്രചാരം വരുത്തുമെന്നു സമിതി വിശ്വസിക്കുന്നു. പഞ്ചായത്തുകളും പ്രവൃത്തിക്കച്ചേരികളും പ്രാഥമിക വിദ്യാലയങ്ങളും വഴി ഇവ അക്ഷരജ്ഞാനമില്ലാത്തവർക്കും സാധുക്കൾക്കും ഉപകാരപ്രദങ്ങളായിത്തീരുമെന്നും സമിതി വിചാരിക്കുന്നു. ഇവയുടെ പ്രസിദ്ധീകരണത്തിലും പ്രചരണത്തിലും സമിതിയെ സഹായിക്കുന്ന ഗവർമ്മെണ്ടിനോടും മറ്റുള്ളവരോടും സമിതിക്കുള്ള അളവറ്റ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തുന്നു.)

"കൃഷി."

ആർ. ഡബ്ളിയു ഏമേർസന്റെ അഭിപ്രായം.

കഷ്കന്റെ പുകഴ്ച, വേല വിഭജനത്തിൽ നിർമ്മാണം ഏ
ന്ന ഭാഗം തന്റെ മുമ്പലയായി തീർന്നു എന്നുള്ളതാണ്. സർ
വ്യാപാരങ്ങളും അവന്റെ പ്രാകൃതപ്രവർത്തനത്തിൽ അവസാ
നം അടിസ്ഥാനപ്പെട്ടുന്നതായി കാണുന്നു. അവൻ പ്രകൃതി
യോട് ഏറ്റവും അടുത്തുനില്ക്കുന്നു. ഭൂമിയിൽനിന്നും ഭക്ഷണപാ
നീയങ്ങളെ അവൻ നേരിട്ട കൈക്കൊള്ളുന്നു. ഇല്ലാതെയിരു
ന്ന ആഹാരം അവൻ ഉളവാക്കുന്നു. ആദ്യകഷ്കൻ ആദ്യ മാ
നുഷനായിരുന്നു. പൗരാണികതപാഭിജാത്യങ്ങളെല്ലാം പ്രസ്ഥവ
കകളുടെ കൈവശാവകാശങ്ങളിൽ സ്ഥിതിചെയ്യുന്നതായി കാ
ണുന്നു. മനുഷ്യൻ കഠിനവേല (ഭേഹദ്ധ്വം) ഇഷ്ടപ്പെടുന്നില്ലാ.
എന്നാൽ സർവ്വമനുഷ്യർക്കും ഉഴവു മുതലായ കൃഷിജോലികളോട്
അത്യന്തം ബഹുമാനമുണ്ട്. അതു തന്റെ വർഗ്ഗത്തിന്റെ പ്രഥ
മജോലിയാണെന്നു മനുഷ്യനു ബോധമുണ്ട്. സാഹചര്യങ്ങളുടെ
സ്ഥിതിഭേദത്താൽ താൻതന്നെ അതിൽനിന്നും തല്ക്കാലികമാ
യി ഒഴിയപ്പെട്ടവനായിരിക്കാമെങ്കിലും തന്റെ ഭാഗധേയക്രമ
കരങ്ങളിൽ മുമ്പപ്പെട്ടിരിക്കുന്നതായി അവനു ഓർമ്മയുണ്ട്. ത
ന്റെ ഏതെങ്കിലും ഒരു വിധ പ്രാപ്തിയൊ യോഗ്യതയോകൊണ്ടു
കഷ്കനെ പ്രീതിപ്പെടുത്തി തന്റെ കുതന്ത്രത്തിനു "പ്രതിഫലമാ
യി കഷ്കനിൽനിന്നു അവന്റെ ധാന്യം കൃസ്ഥമാക്കാൻ ശ
ക്തരല്ലാത്തവരെല്ലാം നേരെ വയലിലേക്കു ഇറങ്ങേണ്ടതാണ്."

ആദികാരണനായ ഈശ്വരനോടു കഷ്കൻ ഏറ്റവും അ
ടുത്തുനില്ക്കുന്നതിനാൽ സർവ്വദൃഷ്ടിയിലും കഷ്കവൃത്തി പൌരാ
ണികതപ ബഹുമാനാദരാദികരം അഹിക്കുന്നവയാണ്.

— എൻ. സി. എം.

ഉടക്കുസൂചിത്തുന്നൽ.

PRACTICAL CROCHET.

മിസ്സസ് കൊൺസിസൊ, ചാരുമൂട്; തുറനാട്.

(തുടച്ച്)

കുട്ടികളുടെ കാൽമേസ്—*Socks.*

ഇതിൽ നെടിയ ഇരട്ടത്തയ്യൽവേണം തയ്ക്കേണ്ടതു്. നൂൽ നീലയും വെള്ളയും ആയിരിക്കണം. നീലനൂൽകൊണ്ടു മുപ്പത്താറു തുടലുകൾ ഇട്ടു് ആദ്യത്തേത്തുടലിൽക്കുട്ടി ചേത്തു ഒരു ചുറ്റാക്കുക. മൂന്നു ചിറുകൾ ഈ തുടലുകളിൽ തയ്ക്കുക. ഈ നൂൽ പൊട്ടിച്ചു് വെള്ളനൂൽകൊണ്ടു ഇരുപത്തിനാലു ചുറുകൾ തയ്ക്കുക. ഇരുപത്തഞ്ചാമത്തെ ചുറ്റിൽ, ഇരുപത്തിനാലു തയ്യലുകൾ തയ്ക്കുക. തിരിച്ചു പന്ത്രണ്ടു തയ്യലുകൾ തയ്ക്കണം. ഇപ്പോൾ പന്ത്രണ്ടുവീതം തയ്യലുകൾ ഇരുവശങ്ങളിലും കിടക്കും. മദ്ധ്യേയുള്ള പന്ത്രണ്ടു തയ്യലുകൾമാത്രം എട്ടത്തു പതിനാലു വരികൾ തയ്ക്കണം. ഇനിയും പതിനാറു ചുറുകൾ നീലനൂൽകൊണ്ടു തയ്ക്കണം. അതായതു ഇപ്പോൾ തച്ചതായ ഇരുവശങ്ങളിലെയും പതിനാലുവീതം തയ്യലുകളും മുമ്പു് തള്ളിയിട്ടിരുന്ന ഇരുപത്തിനാലു തയ്യലുകളും ആകുന്നു. ഉപ്പൂറ്റിയുടെ സ്ഥാനത്തു പത്തു തയ്യലുകൾ ഒന്നായിത്തയ്ക്കണം. ഇതുപോലെ വിരലുകളുടെ സ്ഥാനത്തും തയ്ക്കണം. പിന്നീടു കുട്ടിത്തുന്നണം. നീലനൂൽകൊണ്ടു നാലു തുടലുകളും ഒരു ഇരട്ടത്തയ്യലും ഇങ്ങനെ മേസിന്റെ മുകൾഭാഗം ചുറ്റും തയ്ക്കുക. മുക്കാൽമുഴം തുടലുകളും തച്ചു് മേസിൽ കൊരുത്തു് രണ്ടു ചെറിയ കുഞ്ചങ്ങളും കെട്ടി ഇടുക.

ഷാൾ—*Shawl.*

ആവശ്യമുള്ളിടത്തോളം നീളത്തിൽ തുടലുകൾ തയ്ക്കണം.

ഒന്നാംവരി:- സൂചിയിൽനിന്നും ആറാമത്തെ തുടലിൽ ഒരു ടെബിൾ തച്ചു് പിന്നീടു * ഒരു തുടൽ തച്ചു് അടുത്ത തുടലു

കാം മൂന്നു തുള്ളിയിട്ടു നാലാമത്തതിൽ ഒരു ടെബിളം തയ്ക്കണം. മൂന്നു തുടലുകാം തയിച്ചതിന്റെശേഷം ഇപ്പോാം തയിച്ച ടെബിളിന്റെ സ്ഥാനത്തു ഒരു ടെബിളംക്രൂടി തയ്ക്കണം * ഈ നക്ഷത്രം അടയാളങ്ങാം കൊട്ടത്തതിനകത്തുള്ള തയ്യലുകാം അവരി മുഴക്കെ തച്ചുതീക്കണം.

രണ്ടാംവരി:- മുമ്പിലത്തെ വരിയിൽ മൂന്നു തുടലുകാം കൊണ്ടുണ്ടാക്കിയ വളവിൽ ഒരു ഇരുട്ട, അഞ്ചു ടെബിളം, ഒരു ഇരുട്ട, ഇങ്ങനെ വരി മുഴക്കെത്തയ്ക്കണം.

മൂന്നാം വരി:- നാലു തുടലുകാം * തച്ചു മുമ്പിലത്തേ രണ്ടു ഇരുട്ടകളുടെ മദ്ധ്യേ ഒരു ടെബിൽ തയ്ക്കുക. മൂന്നുതുടലുകാം ഇട്ട് വീണ്ടും അതു സ്ഥാനത്തുതന്നെ ഒരു ടെബിളംക്രൂടി തയ്ക്കുക. ഒരു തുടൽ * മുമ്പിലത്തേ അടയാളം മുതൽ ഒടുവിലത്തേതുവരെ വരിമുഴക്കത്തെയ്ക്കുക. തെറാതെ തച്ചാൽ വരിയുടെ അവസാനത്തിൽ ഒരു തുടലും ഒരു ടെബിളുമുണ്ടായിരിക്കും.

നാലാംവരി:- മുമ്പിലത്തേ മൂന്നുതുടലുകാംകൊണ്ടുള്ള വളവിൽ ഒരു ഇരുട്ട അഞ്ചു ടെബിളം ഒരു ഇരുട്ട ഇങ്ങിനെ വരി മുഴക്കെത്തെയ്ക്കണം. ഒരു ഇരുട്ടക്രൂടി അധികം തയ്ക്കണം.

അഞ്ചാംവരി:- ആറു തുടലുകാം തച്ചു, നാലാം വരിയിൽ അവസാനിച്ച രണ്ടു ഇരുട്ടകളിൽ ഒരു ടെബിളം തയ്ക്കണം * ഒരു തുടൽ പിന്നീടു വരുന്ന രണ്ടു ഇരുട്ടകളുടെമദ്ധ്യേ ഒരു ടെബിളം തച്ചു മൂന്നു തുടലുകളിട്ട് വീണ്ടും ഇപ്പോാം തച്ച ടെബിളിന്റെ സ്ഥാനത്തു ഒരു ടെബിളം തയ്ക്ക * ആദ്യത്തെ അടയാളം മുതൽ രണ്ടാമത്തേതുവരെ വരിമുഴക്കെത്തെയ്ക്കണം.

രണ്ടാംവരിമുതൽ അഞ്ചാം വരിവരെ ഷാളിന്റെ ആവശ്യമുള്ള നീളത്തിൽ ആവത്തിച്ചാവത്തിച്ചു തയ്ക്കേണ്ടതാണ്. ഒടുവിൽ നാലാമത്തെ വരിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഷാളിന്റെ മുന്നവശവും തച്ചു നിറുത്തുക.



കുറിപ്പുകൾ.

കൊല്ലം രൂപതയുടെ ബിഷോപ്പ് ഡോക്ടർ ബർണിഗർ തിരുമനസ്സുകൊണ്ട് ശരീരാസ്വാസ്ഥ്യം നിമിത്തം സ്ഥാനത്യാഗം ചെയ്തതായും തിരുമനസ്സിലെ രാജി പരിശുദ്ധ സിംഹാസനത്തിൽനിന്നു സ്വീകരിച്ചിരിക്കുന്നതായും വികാരിജനറാൾ റൈറ്റ് റവ. ഫാദർ ബർണർദിൻ അവർകളെ അഡ്മനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിച്ചതായും ഇതിനകം എല്ലാവരും അറിഞ്ഞിരിയ്ക്കുമല്ലൊ. തിരുമേനി ഫ്രഞ്ചുകാരനാണ്. 1-ാം തീയതി സ്വിറ്റ്സർലണ്ടിൽ എൻസിഡൻ എന്ന സ്ഥലത്തെ ഒരു കുബേരകുടുംബത്തിൽ ജനിച്ചു. ഇരുപതാമത്തെ വയസ്സിൽ ബ്രൂഗസിലുള്ള കമ്മെലീത്താ സന്ന്യാസമന്ദിരത്തിൽ ചേരുകയും നാലുകൊല്ലം കഴിഞ്ഞു വൈദികപട്ടം സ്വീകരിക്കയും ചെയ്തു. ഫ്രഞ്ച്-ജർമാണ്ട് അവസാനത്തോടടുത്തു ഇൻഡ്യയിൽ എത്തി. ഇവിടെ വന്ന് പുത്തൻപള്ളി സെമ്മിനാരിയിൽ പ്രൊഫസറായും തെരാപ്പുസ്തോലിക്കാ തിരുമനസ്സിലെ സെക്രട്ടറിയായും ജോലി നോക്കിയതിന്റെ ശേഷം ഫ്രൻസു ജൂലൈ 1-ാം തീയതി കൊല്ലം രൂപതയുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടു. ഇങ്ങിനെ അല്പേഹം നാല്പത്തൊന്നു കൊല്ലത്തോളം – യൗവനകാലം മുഴുവനും – കേരളീയർക്കായി ബലികഴിച്ചു എന്നു പറയുന്നതിൽ ഒട്ടും അസാംഗത്യമില്ല. തിരുമേനി അഭിക്കുന്ന ഈ വിശ്രമം സുപ്രകാരണയും ശ്രേയസ്കരമായിത്തീരട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ചാത്യാത്തു് സെൻറ് ജോസഫ് കൺവെഷൻ സൊസൈറ്റിയുടെ പരിശ്രമഫലമായി ഒരു നസ്രാണി യുവാവും ഒരു നായർ യുവതിയും കത്തോലിക്കു സഭാമാതാവിനെ ആശ്ലേഷിച്ചിരിക്കുന്നു എന്നുള്ള വാർത്ത സസന്തോഷം അറിയിച്ചുകൊള്ളട്ടെ. ഈ "പ്രേഷിത" സംഘം ആരംഭിച്ചിട്ടു് ഇനിയും ഒന്നരവർഷമേ ആയിട്ടുള്ളുവെങ്കിലും ഇതിനകം അനേകത്തോലിക്കരും അക്രൈസ്തവ

രുമായി വ്യാ-ൽ ചിലപ്പോൾ പേരെ മാനസാന്തരപ്പെടുത്തിയിട്ടുണ്ട്. "ദീപം" വായനക്കാർ ഈ പ്രേഷിതസംഘത്തിനുവേണ്ടി പ്രാർത്ഥിപ്പാറാകണമെന്നപേക്ഷ. - ഒരു ലേഖകൻ.

റവ. എ. ബ്രൂസു (Rev. A. Bruce) എന്ന പ്രൊട്ടസ്റ്റാൻറുപാദ്രി ഒരു പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രസ്താവിക്കുന്നു. "റോമാസഭ സാത്താൻറെ സിനഗോഗാകുന്നു എന്നു നമ്മെ വിശ്വസിപ്പിച്ചിരുന്നു. എന്നാൽ ഇന്നു ആ സഭ ലോകത്തിനു നല്കിയിട്ടുള്ള വിപുലവും അമൂല്യവുമായ ആദ്ധ്യാത്മിക സാഹിത്യപാരമ്പര്യത്തെ ഏതു തികഞ്ഞ പ്രൊട്ടസ്റ്റാൻറുകാരനും മനസ്സിലാക്കുവാനും വിലമതിക്കുവാനും സാധിക്കും. അവൾ വിശുദ്ധന്മാരെ ജനിപ്പിക്കുന്ന മാതാവാകുന്നെന്നു ഞങ്ങൾ സസന്തോഷം പ്രസിദ്ധമായി പറയുന്നു. നാം അവരുടെ ചരിത്രങ്ങൾ വായിക്കയും, അവരുടെ ഓമ്മയിൽനിന്നു ആത്മികശക്തിയും വാക്കുകളിൽനിന്നു പ്രവർത്തനബലവും പ്രാപിക്കയും ചെയ്യുന്നു."

ജപ്പാനിൽ കത്തോലിക്കസഭക്കു ശോഭനമായ ഒരു ഭാവിയെ പ്രതീക്ഷിക്കാമെന്നു ടൈംസു (Japanese Times & Mail) എന്ന പത്രം പ്രസ്താവിച്ചിരിക്കുന്നു.

പത്താം പീയൂസ് മാറ്റ്പ്പാപ്പായെ വിശുദ്ധൻ എന്നു നാമകരണം ചെയ്യുന്നതിനു വേണ്ടി പല സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള പ്രാരംഭവിസ്താരങ്ങളും ജോലികളും അവസാനിച്ചിരിക്കുന്നു. ഇനി റോമായിലുള്ള തിരുസംഘം അനന്തരനടപടികളിൽ പ്രവേശിക്കുന്നതാണ്. വി. കുമ്പാനയുടെ പാപ്പയായ ഈ ഉന്നതപിതാവിനെ വേഗം അൾത്താരകളിന്മേൽ വണങ്ങുന്നതിനു ഭാഗ്യം ലഭിപ്പാനായി നമുക്കു പ്രാർത്ഥിക്കാം.

കോന്തുരുത്തിപള്ളി ഇടവക പയ്യപ്പിള്ളിൽ കുഞ്ഞൻ വക്കതൻറെ ഫ്രാ-ാമത്തെ വയസ്സിൽ അനുക്രമാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ഇക്കഴിഞ്ഞ ആഗസ്റ്റ് ഫ്രാ-ാം തീയതി ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതൻറെ ആത്മാനുക്രമാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. **R. I. P.**

SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്ര ഗോസ്വ്, എം. എ., എഫ്. സി. എസ്സ്.

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ. ഔഷധപ്പട്ടിക ആവശ്യക്കാക്ക് വെവ്വേറെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചു കൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങളും കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു ത്രുവാത്തുക്കത്തിന് ക. ര.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്രിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്ടി ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരു സേറിന് ക. ന.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സപ്തധാതുക്ഷയം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. ഔൺസ് ഒന്നിന് ക. ത്രു.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃശൃം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ത്രു തവണ സേവിപ്പാനുള്ള ഒരു കുപ്പിക്ക വില ക. ഠ. അമ്പതിന് ക. ഉ.

നിലക്കാരിച്ചൂമ.

നിങ്ങളുടെ കുട്ടികളെ നു മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. തക്കാളിയുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിവർത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്പർശിക്കാതെ പറയാം. ഒരു കുപ്പിക്ക വില ക. ഠ-ത്ഥ-ഠ.

കാസശ്വാസ നിവാരണി.

നിങ്ങൾ പലെ ഔഷധങ്ങളും ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. നീർച്ചുയായിട്ടും സുഖം കിട്ടും. കുപ്പി ഒന്നിന് ക. ർ-ഖ-ഠ.

പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴക്കിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്. ഒരു കുപ്പിക്ക വില ക. ർ-ത്ഥ-ഠ.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകാമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്ക പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ തരം ഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറുകൾ കിട്ടീട്ടുണ്ടു.

വെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ത്ഥ, കോഴിക്കോട്ട്, മലബാർ.

Reg. No. C. 130.

പഞ്ചാംഗം.

സെപ്റ്റംബർ 1951.

ശനി	1	ചൊ.	വി.	എസ്തപ്പാനോസ്
ഞാ	2	ബു.	വി	സ്ത്രാഫോർട്ട്
തി	3	വ്യാ	വി	സെഫാനിയാ
ബു	4	വെ	വി	മുക്കോനിയൂസ്
വ്യാ	5	ശ.	വി	ലോറൻസ് ഗുസ്തി
വെ	6	ഞാ.	✠	വി. സക്കറിയാ
ശ	7	തി	വി	അഗിയോൻ പാ (ഇ വി)
ഞാ	8	തൊ.	*	എ ഭാ. കന്നിമറിയത്തിന്റെ പിറവി
തി	9	ബു.	വി	പീറൻ ക്ലാവർ
ബു	10	വ്യാ	വി	നിക്കോളൊവൂസ്
വ്യാ	11	വെ	വി	അമീലിയൻ.
വെ	12	ശ.	വി	സുക്കാനസ്.
ശ	13	ഞാ.	✠	വി. പീലിപ്പോസ്
ഞാ	14	തി	വി	സ്വീവാപുകൾ
തി	15	തൊ.	വി	നിക്കോദീമൂസ്.
ബു	16	ബു.	വി	തൊണ്ണൂറിയം പാ (ഇ വി)
വ്യാ	17	വ്യാ.	വി	സഞ്ചിയൂസ്.
വെ	18	വെ	വി	യൂ കുറ്റി
ശ	19	ശ.	വി	യസ്തേഫാനിസ്.
ഞ	20	ഞാ.	✠	വി. ഹവസ്ഥാക്കിയ
തി	21	തി	വി	മത്തായി ശ്ലീഹാ
ബു	22	തൊ.	വി	തോമ വിശ്വാസ.
വ്യാ	23	ബു.	വി	ലീനാസ്സ് പാ
വെ	24	വ്യാ.	വി	പന്ത്രണ്ടാസിയസ്
ശ	25	വെ	വി	ഷാർട്ട്
ഞാ	26	ശ.	വി	ചിപ്രിയനോ.
ഞ	27	ഞാ.	✠	വി. കോസ്മോ മദി.
തി	28	തി	വി	വൊനിഫെസ്സ്.
ബു	29	തൊ.	വി	മിഖായേൽ.
വ്യാ	30	ബു	വി	ഇയാവിഫെസ്സ്

✠ എല്ലാവക്കും കടമുള്ള ദിവസം. * യൂദിയാദിവക്ക് കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.,
THEVARA, ERNAKULAM, S. INDIA.